# മണിമഞ്ജുഷ

ഉള്ളൂർ

Digitized By Kerala Sahitya Akademi

# മണിമഞ്ജൂഷ

ഉള്ളൂർ എസ്. പരമേശ്വരയ്യർ

അഞ്ചാം പതിപ്പ് കോപ്പി 500.

**ULLUR PUBLISHERS**

തിരുവനന്തപുരം

1958

*All Rights Reserved*] [വില രൂ. 1-25 ന. പ.

---

പ്രസാധകന്മാരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

*Printed at*
THE SRIDHARA PRINTING HOUSE.
Trivandrum—1.

Digitized By Kerala Sahitya Akademi

# വിഷയാനുക്രമണി


| | | |
|---|---|---|
| 1. | പ്രേമസംഗീതം | 1 |
| 2. | ദിവ്യദർശനം | 6 |
| 3. | കീശസന്ദേശം | 16 |
| 4. | പ്രേമസമക്ഷം | 28 |
| 5. | മൃണാളിനി | 31 |
| 6. | ഐക്യഗാഥ | 51 |
| 7. | ഭാമ .... | 53 |
| 8. | മാറ് | 67 |
| 9. | ഭാവനാഗതി | 75 |
| 10. | ശത്രുമിത്രം | 87 |
| 11. | ആ കണ്ണുനീർ | 89 |
| 12. | ഭാവി | 93 |
| 13. | കാലം | 94 |
| 14. | സ്വർഗ്ഗവും നരകവും | 95 |
| 15. | താരകോപദേശം | 96 |


Digitized By Kerala Sahitya Akademi

# മണിമഞ്ജൂഷ

## പ്രേമസംഗീതം

I

ഒരൊററമതമുണ്ടുലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം.
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിനെന്നോരരിയാം നാസ്തിക്യംതാൻ ദ്വേഷം; ലോകത്തി-
നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാററും മണവറ പട്ടടയായ്,
മട്ടമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്. 8

II

പങ്കജങ്ങളുദയാർക്കന്റെ വാക്യം വെളിപ്പു സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നൽകൂ;

Digitized By Kerala Sahitya Akademi

പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേർന്നും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻ പുമാനും പ്രകൃതിസഹായൻ പ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയപ്പെട്ടെന്മേൽ സൃഷ്ടിയലീശൻ ; പിരിപ്പു സംഹൃ-
[തിയിൽ.
വിരിഞ്ഞുനില്പൊരു സുമമല്ലിയെത്തൻ വിശിഷ്ടഗന്ധ-
[ത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പു സവിധത്തിൽ.
മധുവ്രതത്തിനു മട്ടുമലർ വേണം മനംകുളിർപ്പിപ്പാൻ;
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ.
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നടും
[ശുദ്ധമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ.
പൂടാൻ മലരും ഘനമായ്ത്തോന്നിന ദോഹദകാലത്തിൽ-
ച്ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി.
പിതാവു, മാതാ,വുടപ്പിറന്നോർ, ബാന്ധവ,രിഷ്ടന്മാർ,
പ്രേയസി, മക്കൾ, ഭുജിഷ്യർ, തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതി
[മൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പ-
[ദമായ്

Digitized By Kerala Sahitya Akademi

## III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ ;
പ്രപഞ്ചമസ്മദ്ഭാവനാശ്രദ്ധനപാഠിതമാം കീരം ;
പ്രപഞ്ചമസ്മൽഭാവവിഡംബനപാടവമാർന്ന നടൻ ;
പ്രപഞ്ചഭൂമിയിൽ വിതച്ച വിത്തിൻ ഫലത്തെ നാം [കൊയ്‌വൂ ;

പ്രപഞ്ചമതാവൂ വട്ടം വെട്ടം പകരത്തിനുപകരം.
വിളക്കുകൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ ;–

ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം ?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം ;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നല്കുകിൽ നേ- [ടീടാം ;

നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ.
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ.
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പലവടിവു- [കളിൽ

പ്രകൃതി ലസിപ്പൂ നമുക്കുചുററും പരമോത്സവധാത്രി.

Digitized By Kerala Sahitya Akademi

പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാ-
[ണാം.

ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനിഷ-
ത്തോതിക്കൊണ്ടവനുപദേശിപ്പതുമറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജ്ജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങീട്ടുമോതപ്രോതങ്ങൾ.
അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോ-
ർക്കുരുപനീശപരനദൃശ്യനായാലതിലെന്താശ്ചര്യം !
അഹോ ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ-
സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.
ആഴ്വാഞ്ചേരത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം
അരചക്കരചനമടിമയ്ക്കടിമയുമതിന്നർ ; ഉള്ളിലവ-
ക്കതിൽക്കൊള്ളത്തിന്നു തിരിതാൻ കത്തുവതന്തഃകരണാ-
ഖ്യം. 60

## IV

നമോസ്തു തേ മജ്ജീവനനായക ! നാഥ ! പരമാത്മൻ !
നരാഖ്യമാങ്ങ നർത്തകഗണമിതിൽ ഞാനുമൊരല്പാംഗം.
വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ ! ഭവച്ചിത്തം ;
വിശ്വപ്രിയമായ് നടനം ചെയ്വതു വിധേയനെൻകൃത്യം.

Digitized By Kerala Sahitya Akademi

അരങ്ങലയ്ക്കാനരചൻ മത്ത്യാ,മതിന്നകൊഴുപ്പേകം-
ന്നനുചാരനാവാ, മണിയാടകളല്ലണിനയ,മത്തു സിദ്ധം.
അകമേ നിലകൊണ്ടതാത്തുചുവടുക,ളാമരുതെന്നതിരി-
ച്ചുടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.
അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷം മുതൽ [ഞാ-
നരങ്ങമണിയറയും പൂകഴ്വാ മട്ടാടാനതിചതുരൻ.
പരാവരാത്മൻ! ഭക്ത്യധിഗമ്യൻ ഭാവനെയാർ കാൺമൂ
പരാപരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ ?
പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഃഖം;
പരമാർത്ഥത്തിൽപ്പരനും ഞാനും ഭവാനുമൊന്നല്ലീ ?
ഭവാനധീനം പരമെന്നുടലും പ്രാണനും ; അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം! 76

Digitized By Kerala Sahitya Akademi

# ദിവ്യദർശനം.

---

## I

ആഴിത്തിമിങ്ഗലത്തിൻപഴമായ് വീഴ്ത്തി-
യാദിത്യബിംബത്തെയന്നും ദൈവം.
തൻതല പൊന്തിച്ചു നില്പായി ക്രൂരിത-
ട്ടന്തകനേറിന പോത്തുപോലെ.
മങ്ങിന വെണ്മതിക്കീറിനാൽ പാഴ്നിലാ-
വങ്ങിങ്ങോരല്പാല്പമല്ലതിത്തു,
രോഷത്തിൻ മൂർഛയിൽ ദംഷ്ട്രയാൽ താൻ തൂകം
ഹാസത്തിന്നങ്കുരമെന്നപോലെ.
മിന്നാമിനുങ്ങുകൾ മുററത്തിൽച്ചാഞ്ചാടി
മിന്നിടും മങ്ങിയും മാറി മാറി,
ജന്മവും മൃത്യുവുമെന്തെന്നു ലോകത്തെ-
ത്തന്മയരീതിയിൽക്കാട്ടിക്കാട്ടി.
വ്യാത്തമാം സൃഷ്ടിതൻ വക്ത്രത്തിന്നേതുമി-
ല്ലാന്തര,മബ്ഭ്രുതം സർവ്വഭക്ഷം ;
പാരിടം നിർജ്ജീവപ്രായമായ് തീർന്നുപോയി
മാരിയാമായതിൽ ഛായ തട്ടി. 16

Digitized By Kerala Sahitya Akademi

## II

അത്തരമുള്ളോരാ രാത്രിയിൽ ഞാനുമെൻ
മെത്തയെ പ്രാപിച്ചേൻ വീതോന്മേഷം;
ജാലകമാർഗ്ഗമായ് നോക്കിനേൻ ചുററിലു-
മാലേഖ്യരൂപത്തിൽ വാച്ചലോകം.
കണ്മിഴി ചിമ്മിപ്പോയ് കാററിനും; മൂളീല
മർമ്മരമമ്മരനന്മരങ്ങൾ .
ചീവീടും ശബ്ദിച്ചീ, ലോപ്പോളം ഭീമമി-
ദ്ദൈവികസ്തംഭനസമ്പ്രദായം.
ഇക്കയമാളുവതേതൊരു കാളിയ,-
നിശ്ശാന്തമേതൊരു രൌദ്രഭൂതൻ?
പ്രാകൃതമാകമീ മൌനവ്രതത്തിനു
പാരണയാവതുമേതു ശാപം? 28

## III

ആരേക്കാൾക്കും ശബ്ദമെന്താസന്നമൃത്യുവി-
ന്നാക്രന്ദനംപോലെ ദീനദീനം?
ആ മട്ടിൽ താഡിപ്പൂ സാഗരം ഘോരയാം
താമസീദേവിതൻ ജൈത്രഭേരി!

Digitized By Kerala Sahitya Akademi

രഞ്ജിപ്പൂ ശബ്ദമൊന്നെന്നരികത്തു, മമൻ
നെഞ്ഞിടിമാറൊലിക്കൊണ്ടപോലെ ;
മൽഘടികാരത്തിൻ ഗൌളീച്ചൊല്ലാണതു;
ടിക്ടിക്കോ, ധിക്ധിക്കോ തിട്ടമില്ല.

## IV

ഉററു ഞാൻ വീണ്ടുമതെന്തെന്നുനോക്കവേ
മററുമെൻ മുന്നിലൊരുത്തമയാൾ
എന്നരംതടംവിട്ടു നിൽക്കയായ്; ഹന്ത! ഞാ-
നന്നില്ല, കണ്ടൊന്നു ഞെട്ടിപ്പോയി!
വക്ത്രാബ്ജം താഴ്ത്തിയും, ബാഷ്പനീർ വീഴ്ത്തിയും,
തപ്തമായ്, ദീർഘമായ്, നിശ്വസിച്ചും,
തൻവലംകൈകൊണ്ടു പൂങ്കവിൾ താങ്ങിയും,
താമ്രാധരത്തിങ്കൽ പല്ലണച്ചും,
കൺമുനനഞ്ഞണിക്കൂരമ്പിടയ്ക്കിട-
യ്ക്കെൻമർമ്മമോരോന്നു നോക്കിയെയ്തും,
ഏതവൾ നഷ്ടയാം വാത്സല്യലക്ഷ്മിതൻ
പ്രേതത്തിൻ മട്ടിൽ വന്നങ്ങു നില്പോൾ?

Digitized By Kerala Sahitya Akademi

## V

അന്യയല്ലദ്ദേവി കാരുണ്യമൂർത്തിയാ-
മെന്നന്തര്യാമിതൻ ധർമ്മപത്നി ;
ലജ്ജാഭിധാന താൻ "മാതാവേ ! കൈതൊഴാം:-
പശ്ചാത്താപാഘസ്സിൻ പ്രാതസ്സന്ധ്യ !
അമ്മതൻ പ്രത്യക്ഷദർശനമൊന്നിനാൽ
ജന്മത്തെസ്സാർത്ഥമായ്ത്തീർത്തവൻ ഞാൻ
ത്രസ്തനല്ലെൻതായാട്ടെത്രമേലമ്മയെ
ക്രുദ്ധയാക്കീടിലും ശർമ്മദാത്രി !
അമ്മതന്നിങ്ഗിതമെന്തെന്നു ചൊൽകയാ-
ണി"മ്മണി" പൈങ്കിളി മൂളി മൂളി.
ഇത്തമിസ്രാഞ്ജനം മൂലമായ് കാൺമൂ ഞാൻ
തദ്ദുഃഖപേടകതത്ത്വരത്നം.

## VI

സത്യം ഹാ! മാതാവേ ! സത്യമെൻ ജീവിത-
മൌക്തികമാലയിൽനിന്നു വീണ്ടും
ചേലൊന്നു മുത്തടർന്നിന്നുമൊന്നന്തിയിൽ
കാലാബ്ധിമദ്ധ്യത്തിൽ വീണുപോയി !

Digitized By Kerala Sahitya Akademi

ഭാനവെൻ ജീവിതപാത്രത്തിൽ നിന്നിന്നും
പാനീയബിന്ദുവൊന്നാവിയാക്കി ;
ചുററുമിന്നന്തകൻ തൻ കയറെന്മെയ്യിൽ
ചുററുകയായ് പിണഞ്ഞൊന്നുകൂടി.
ഭാവിയെദ്ദൂരെ ഞാൻ കാണവേ, വന്നതു
ഹാ ! വർത്തമാനമായ് മുന്നിലെത്തി,
ഭൂതമായ്പ്പായുന്നു പെട്ടെന്നു പിന്നോട്ട-
യ്യാതിത്ഥ്യം വൈകിച്ചോനാക്കിയെന്നെ.
കാലത്തിൻ ഹാസത്തിൻ മട്ടിലെന്നാസ്യത്തിൽ
മേളിപ്പൂ വെൺനരയങ്ങുമിങ്ങും ;
ആ മൃഗാധീശൻതൻ വീരപ്പു,ല്ലബ്ജത്തിൽ
ഹേമന്തം വീഴ്ത്തിന മഞ്ഞുതുള്ളി !
ചിമ്മിടുമെൻ മിഴി വീണ്ടും തുറന്നിടാം ;-
മുന്മിഷത്തല്ലെന്നും വന്നുപോകാം !
ബാങ്കിലെന്തുണ്ടിനിബാക്കിയെന്നാർ കണ്ടു !
ഞാൻ കഷ്ടമത്രമേൽ ദീനദീനൻ ?
അക്കബിംബാഖ്യമാമരകതദീപത്ത-
പ്പൊക്കിയും താഴ്ത്തിയും കാട്ടി നിത്യം
ഹാ ! വിധി "ദുർഘടം ദുർഘടം ജീവിത-
ത്തീവണ്ടിപ്പാത" യെന്നല്ലീ ചൊല്വൂ ! 84

Digitized By Kerala Sahitya Akademi

# VII

എന്തു ഞാനിപ്പകൽ മുപ്പതു നാഴിക
കൊണ്ടൊന്നു നേടിയതെന്നു പാർത്താൽ
കാണ്മതില്ലൊന്നുമേ; ചുററിനേൻ വ്യർത്ഥമ-
പ്പാഴ്മണൽക്കാട്ടിലൊരൊട്ടകമായ്.
എന്നമ്മ ഭാരതഭൂദേവി, യസ്സാക്ഷാൽ
സച്ചന്ദ്രീശുദ്ധയാം ധർമ്മലക്ഷ്മി;
ശ്രീകൃഷ്ണബുദ്ധാദിസിദ്ധരെപ്പെററവൾ;
ലോകത്തിന്നാദ്ധ്യാത്മജ്യോതിർദ്ദീപം;
ഏതൊരാൾ കുന്നിന്മേൽവാണവൾ പണ്ടിപ്പോ-
ളേതൊരു കൂപത്തിൽ വീണുപോയോൾ;
ആരുടെ കാല്പൂവു കൊള്ളാത്തോരാം, ഹാ കഷ്ട-
മാരുടെ കാൽച്ചവിട്ടേററിടാത്തോരാം!
കാതര്യമില്ലേതു ദുർവ്വാക്കുമോതുവാൻ
കാതരെൻമേയോയ്ക്കും കൂട്ടുകാക്കും?
സാധ്വിയെബ്ഭർത്സിക്കും ധൂർത്തമാരക്കൂട്ട-
രീട്ടിയെദ്ദംശിക്കും വെൺചിതൽകൾ;
എന്നാലുമായവർ തേപ്പുതാം പാഴ്പ്പങ്ക-
മെന്നാലൊന്നമ്മട്ടിൽ ക്ഷാളിച്ചീടാൻ—

Digitized By Kerala Sahitya Akademi

തന്നമ്മതൻ ദാസ്യം തീർക്കുവാനേവൻ ദപായ്-
വിണ്ണിലെപ്പീയൂഷം കൊണ്ടുവന്നു;
ധന്യനത്താർക്ഷ്യൻതന്നൈതിഹ്യം ബാല്യത്തിൽ
സ്തന്യത്തോടൊപ്പമായ്പ്പാനംചെയ്തോൻ;—
ഓർത്തീല— ഞാൻ—ഒററക്കണ്ണീർമുത്തെങ്കിലു-
മാദ്ദേവിതൻ കാല്ക്കലർപ്പിച്ചീടാൻ.
എന്നുടെ ഭൃതികൊണ്ടെന്നമ്മതൻപൂങ്കരം-
കണ്ണാടിതേച്ചു മിനുക്കിടാതെ
പേർത്തും ഞാൻ കൈകൊട്ടിക്കാൺകയാണായതിൽ
സ്വാർത്ഥാപസ്മാരത്തിൻ നഗ്നനൃത്തം!
ദാസതമേദിനിക്കേറ്റമേ ദാരിദ്ര്യ-
പാരതന്ത്ര്യാദികളല്ല ഭാരം;
സോദരഘാതികൾ സൂനുക്കൾ താൻ ഭാരം,
സോദരപൂരകർ മാദൃശന്മാർ. 116

## VIII

ഞാനഭിവാദനം ചെയ്യുന്നേൻ മാമക-
മാനസഹംസികേ! ലജ്ജാദേവി!
നിൻജയം വായ്ക്കട്ടെ പാരെങ്ങും ; ഞാൻ നിന-
ക്കഞ്ജലികൂപ്പിടാമാവത്തോളം !

Digitized By Kerala Sahitya Akademi

ആമയമേതെല്ലാം വന്നാലും മാതാവേ !
നീ മൃതയല്ലെന്നാൽ ഞാൻ സനാഥൻ;
ആലയത്തിങ്കൽ നീയങ്ങെങ്ങാനണഞ്ഞെങ്കി-
ലാളയ്ക്കു ബാഹ്യമല്ലെന്റെ ജന്മം.
ക്രോധിക്ക! ഭർത്സിക്ക! താഡിക്ക! തായേ! നീ;
പാതകി ഞാൻ ബാലൻ താവകീനൻ.
ഇക്ഷണം നിൻ കണ്ണും ജിഹ്വയും പാണിയു-
മക്ഷയവാത്സല്യനിഷ്യന്ദമാകും.
ആഗസ്സിൻ ഛായ നീ താപത്തെ ഗ്രീഷ്മാന്ത-
മേഘത്തിൻ രൂപത്തിൽ നൽകിയാലും,
തീരില്ല വീഴാതെ നിന്നിൽനിന്നന്ത്യത്തിൽ
കാരുണ്യശീതളബാഷ്പബിന്ദു.
എന്നെ നീ ഞാനാവാനല്ലയോ മേല്ക്കുമേൽ
പിന്നെയും പിന്നെയും മർദ്ദിക്കുന്നു ?
എത്രമേൽ മർദ്ദിച്ചാലെ, ന്തെനിക്കപ്പുറം
മൃത്തിളു സൽപാത്രമായാൽ പോരും.
സാധ്വി ! നീ പോയാലുമെന്നുള്ളി, ലാലങ്ക
ധൂർത്തരാം കാമാദിരാക്ഷസന്മാർ
എത്രമേൽ വാഴ്കിലുമെൻസീത ജീവിക്ക-
മട്ടിക്കിൽ വെൺചാമ്പലാവില്ലല്ലോ.

Digitized By Kerala Sahitya Akademi

ഒട്ടുമിന്നാന്തരപൂരുഷ 'മാ' ശബ്ദം
ദുഷ്ടമെൻകർണ്ണത്തിലേറുന്നീല.
ചെയ്തില്ല കാന്തനെക്കൊണ്ടെനിക്കിന്നൊന്ന-
ഗ്ഗായത്രീമന്ത്രോപദേശം വീണ്ടും ! 144

## XI

കാലമേ! നിൻകരിപ്പോയ്മുഖം കണ്ടു ഞാൻ
മാലിയെന്നെന്തെല്ലാമോതിപ്പോയി!
ഈ മുഖം നീക്കിടും നാളെയും വന്നിത-
ന്നീ മഷിപൊന്നാക്കുമാരസജ്ഞൻ.
മെത്തമേൽ വീണേൻ ഞാനിപ്പൊഴതെങ്കിലു-
മുത്ഥാനോദർക്കം താനെൻ നിപാതം ;
പോയതു പോയെങ്കിലെന്തു ? ഞാൻ ധന്യൻ താ-
നായതിലേകൈകദേശാധീശൻ.
വാശ്ശൂളും യൗവനനീർവാർന്നോരെൻമുഖ-
പ്പാഴ്ജ്ജർജ്ജരത്തോട്ടുകൾതൻ തടത്തിൽ
നിന്നിടും വെൺനരക്കാശപ്പുല്ലെല്ലാം മേ-
ലെൻ വിവേകോദയവൈജയന്തി.

Digitized By Kerala Sahitya Akademi

നാളെയെന്നുള്ളോരാ നാളെനിക്കുണ്ടെങ്കി-
ലാളൊന്നുമാറി ഞാനാത്മവേദി
ലജ്ജയാം ദേവിയെ ലജ്ജിപ്പിച്ചീടാതെ-
സജ്ജനചര്യയ്ക്കു സജ്ജനാവാം.

---

Digitized By Kerala Sahitya Akademi

# കീശസന്ദേശം

## 1

അടുത്തു പാതിരാ, വടച്ചു വാതിൽ ഞാൻ
കെടുത്തു റാന്തൽ പോയ്ക്കിടന്നു മെത്തയിൽ;
പുകച്ചിൽ വീണ്ടുമെൻ തലയ്ക്കു വായ്ക്കുന്നു;
പകച്ചുനിൽക്കുന്നു ഭഗവതി സുഷുപ്തി.
“വരവോരുവഴി മറന്നവരുംപോലെ-
യിരുളിലങ്ങിങ്ങു പരിഭ്രമിപ്പു നീ?
തിരുവുള്ളം തായയ്ക്കുകരുണനിൻ;
വരൂ വരൂ! ദേവി! തരൂ തരൂ സുഖം.”
ഇവണ്ണം നിദ്ര യാചിക്കുന്നോരെൻമുറി
സുവർണ്ണവർണ്ണമായ്ച്ചമഞ്ഞു തൽക്ഷണം.
കരിയിരുംമഴമുകിലിൻമെയ് മിന്നി-
യരിയതുമിന്നൽപ്പുണറണിചാർത്തി.
ഉറക്കമാണ്ടൊരെൻ വിളക്കതാണന്നതാ-
ന്നുണർന്നുവോ പൊട്ടെ,ന്നിതെന്തൊരത്ഭുതം?
അതല്ല വാനിൽനിന്നണഞ്ഞു തേജസ്സോ-
ന്നധന്യനാമെന്നെ യനുഗ്രഹിക്കയോ?

Digitized By Kerala Sahitya Akademi

അതികുതുകി ഞാൻ മിഴിരണ്ടും തുട-
ച്ചതിഥിയാരതെന്നുറ്റു നോക്കിനേൻ.
അലിവിലെൻമുന്നിൽ വിലസുവതൊരു
വലീമുഖവംശമകുടഹീരകം.
കദളികാടവീനിവാസി, രാഘവ-
പദസരസിജമധുവ്രതവ്രതി,
അനന്തവൈഭവനണഞ്ഞിതോ മുന്നിൽ
ഹനുമദാഖ്യനാമശേഷസൽഗുരു ?
കുടുകുടെക്കണ്ണീർ പതിപ്പൂ പൂങ്കവിൾ-
ത്തുടുതുടപ്പൊന്നായ്ക്കുഴകും മാറിയായ് ;
അകത്തു കത്തുമാറൊരഴൽക്കൊടും തീ തൻ-
പുക വെളിക്കൊഴുകു ചുടുനെടുവീർപ്പായ്.
അരുതരുതെന്നു വിലക്കുവാൻ ഞാനെ-
ന്നിരുകരവുമൊന്നിളക്കിടും മുന്നേ
അഹോ ! ദയാർദ്രമീ വചനമെന്നോട-
മ്മഹോപദേശകൻ കപീന്ദ്രനോതിനാൻ:- 32

II

"ശുഭം ഭവിക്കട്ടേ ജഗത്തി,നേവർക്കു-
മഭ്യുദയമവാപ്തമാകട്ടെ.

Digitized By Kerala Sahitya Akademi

ധരിച്ചുവോ നീ നിന്നതിഥിയാരെന്നു ?
ധരിച്ചില്ലെങ്കിൽ ഞാൻ ധരിപ്പിക്കാമിപ്പോൾ.
കരുതുക വത്സ ! കപിയാമെന്നെ നിൻ
പുരുഷവർഗ്ഗത്തിൽ പിതൃഭ്രാതനെന്നായ്.
പിതാമഹൻ പണ്ടപ്പൃഥിവി നിർമ്മിച്ചാ-
നതാന്തമാകും തൻ തപോബലത്തിനാൽ,
സമസ്തസമ്പത്തിൻ നിധാനകുംഭമായ്,
സമഗ്രഭംഗിതൻ വിലാസരംഗമായ്.
അലകടൽപ്പൂമ്പട്ടരഞ്ഞാണിയുവോ-
ളചലവക്ഷോജഭരം വഹിപ്പവൾ,
തരംഗിണീഹാരലതകൾ ചാർത്തുവോൾ,
തരുവല്ലീപത്രാവലീ ധരിപ്പവൾ,
ധ്രുവാദിനക്ഷത്രസുമങ്ങൾ ചൂടുവോൾ,
ദിവാകരേന്ദുക്കൾ വിളക്കെടുപ്പവൾ,
അധോഭുവനത്താൽ മെതിയടിയാന്നോൾ,
ത്രിദിവത്താൽ ദിവ്യകിരീടം പൂണ്ടവൾ ;–
ധരണിയാമസ്മജ്ജനനി മിന്നുന്നു ;
ശരണമാക്കും തച്ചരണപങ്കജം.

Digitized By Kerala Sahitya Akademi

III

"ധരിത്രിയിമ്മട്ടിൽച്ചമച്ചു നാന്മുഖൻ
പെരുത്തു ധന്യനായ്ക്കരുതിനാൻ തന്നെ.
പുതിയൊരത്ഭുതമിതെത്ര ദേവൻ തൻ
പ്രതിഷ്ഠയാലിനിസ്സനാഥമാകാവൂ ?
തനയരേവരെ പ്രസവിച്ചിദ്ദേവി
ജനനസാഫല്യം ക്ഷണത്തിൽ നേടാവൂ ?
ക്രമത്തിലിത്ഥമോർത്തജൻ ജനിപ്പിച്ചാൻ
കൃമിസരീസൃപവിഹംഗമങ്ങളെ ;
അകമലരതിലതൃപ്തമാകയാൽ
മൃഗങ്ങളെത്തീർത്താൻ വിവിധരൂപത്തിൽ ;
അതിലും തുഷ്ടിവിട്ടൊടുവിൽ നിർമ്മിച്ചാൻ
മതിവല്ലീശ്വരൻ വലീമുഖന്മാരെ.
ജനിച്ചു തൽസൃഷ്ടപ്രപഞ്ചസൗധത്തിൽ
തനിപ്പൊൻതാഴികക്കുടങ്ങളായ് ഞങ്ങൾ ;
ഭരിച്ചു പാരിതു പലനാൾ മാമകർ ;
ധരിത്രി പിന്നെയും "സസേമിരാ" തന്നെ.
'വസുന്ധരേ ! വത്സേ ! ഭവതിയെന്തിങ്ങി-
യസുന്ദരങ്ങളാം കരങ്ങളിൽ[illegible]ങ്ങൾ ?

Digitized By Kerala Sahitya Akademi

ഇവററയെക്കൊണ്ടെന്തുയർച്ച നേടുമോ
ഭവതി? ഞാനെത്ര മടയനായ്പ്പോയി?'
ത്വരിതമിത്ഥമാർത്തിയററിനാൻ മന്നിൽ
വരിഞ്ചൻ മറെറാരു വിശിഷ്ടജീവിയെ.
അതാണു മാനുഷൻ ; അവൻെറ സൃഷ്ടിയാൽ
കൃതാർത്ഥമാനിയായ്ച്ചമഞ്ഞ ലോകേശൻ
കിരീടവും സിംഹാസനവും ചെങ്കോലും
ധരിത്രിവാഴുവാനവന്നു നൽകിനാൻ.
അടച്ചു നാടുവിട്ടിറങ്ങി ഞങ്ങളു-
മടവിതന്നുള്ളിലടകുടി പൂകി.
വളരെക്കാലമായ്, വളരെക്കാലമാ,-
യിളയിൽ ഞങ്ങൾക്കീയിളിഭ്യപ്പേർ കിട്ടി.
അന്നുമുതൽ ഞങ്ങൾ ചുഴിഞ്ഞു നോക്കുന്നു
കൃതികൾ നിങ്ങൾതൻ കൃതികളോരോന്നും. 84

## IV

"വിശ്ലേഷബുദ്ധിയും, വിചാരശക്തിയും,
വിചിത്രസിദ്ധികൾ പലതു വേറെയും,

Digitized By Kerala Sahitya Akademi

അജനരുളിപോൽക്കനിഞ്ഞു മാനുഷ-
ന്നവനെത്തൻപ്രതികൃതിയിൽത്തീൎത്തുപോൽ.
ഫലമെന്തുണ്ടായി ? പയോജയോനിതൻ
പല മനോരഥമെവിടെച്ചെന്നെത്തി ?
മരുത്തു, വിദ്യുത്തു, പയസ്സു, ധൂമമി-
ത്തരത്തിൽവാച്ചിടും പ്രകൃതിശക്തികൾ,
നരനു കിങ്കരപ്രവൃത്തിചെയ്തു തൽ-
സരണിയിൽ ചട്ടാംബരം ധരിക്കുന്നു ;
പരില്ലമലർനിര വിതറുന്നു !
പരിമളദ്രവധാരിയൊഴുക്കുന്നു ;
പുകക്കപ്പലിന്നു കടലെറുമ്പുപോൽ ;
ഗഗനവീഥിക്കു ഗരുഡനെയ്‌റോപ്ലേൻ ;
വയർലെസ്സർപ്പിക്കും ശ്രുതി മഹാത്ഭുതം ;
‘സയൻസി’നാൽ മൎത്ത്യൻ സമഗ്രവീര്യവാൻ !

## V

“സകലവും ഭദ്രം നരനു ചുററുപാ,-
ടകക്കാമ്പൊന്നു താനഭദ്രമത്യന്തം ;
എതിങ്കൽ വേണമോ വികാസ, മേതുമി-
ല്ലതിങ്കലായതിൻ കണികപോലുമേ,



Digitized By Kerala Sahitya Akademi

പഴയവൻ മർത്ത്യൻ ഹൃദയത്തിൽ ; പോരാ
പഴയവനെക്കാൾ പതിതൻ മേൽക്കുമേൽ.
എവനും താൻ മാത്രം സുഖിച്ചിരിക്കണം,-
മെവനും മററുള്ളോർ നശിച്ചുപോകണം;
തനിക്കു താണതിൽച്ചവിട്ടി നിൽക്കണം;
തനിക്കെളിയതു ചവച്ചുതുപ്പണം;
അടുക്കളപ്പണിക്കബലമാർ വേണ,-
മടിമകളാകാനശക്തരും വേണം;
അധഃസ്ഥരമ്മട്ടിലിരുന്നുകൊള്ളണ-
മുദധിയൂഴിയെ ഗ്രസിക്കുവോളവും ;
സ്വതന്ത്രൻ താനൊരാൾ, വിജയി താനൊരാ-
ളിതരർ തൻ കേളീക്കുപകരണങ്ങൾ;
ഒരുകൺ തന്റേതു പൊടിക്കും താൻ, പരൻ
കുരുടനാവതാണതിൻ ഫലമെങ്കിൽ;
ഉയർന്നിടാനുള്ള മടിയാൽത്താഴെ നി-
ന്നുയർന്നവൻ പാവാനൊളിനഞ്ഞമ്പെയ്യും;
പരിഷ്കൃതി,മന്ത്രമുരച്ചു കൊണ്ടിട്ടേ
നരരക്ഷസ്സിന്നു നരനെത്തിന്നാവൂ.

Digitized By Kerala Sahitya Akademi

സ്വദേശമെന്നതും സ്വധർമ്മമെന്നതും
സ്വജാതിയെന്നതും സ്വഭാഷകൂടിയും
കരബലമുള്ള ജനതതിക്കതൻ
പെരുവയർക്കുഴി നികത്തിടും വഴി;
പലപ്പൊഴും സ്വാർത്ഥം, പലപ്പൊഴും മൌഢ്യം
പലപ്പൊഴും ദുര, പലപ്പൊഴും ചതി!
ഇതെന്തു താവമാ,റിതെന്തു മീൻമുറ –
യിതിനു വേണ്ടിയോ ഹര! നരോദയം?
ഇരുളിരവിതിന്നുഷസ്സെന്നോ? മോഹ–
പ്പെരുകടലിതിന്നെതിർകരയെങ്ങോ? 132

## VI

"മനുഷ്യ! നിർത്തിനേൻ മദീയമാക്രോശം
വ്രണപ്പെട്ടൊല്ല നിൻമനസ്സു ലേശവും.
തുറന്നു ചൊല്ലാനെന്തുറിച്ചുനോക്കേണ്ട;
പറഞ്ഞുപോയ് സ്വല്പം പരമാർത്ഥാംശം ഞാൻ.
അവനി നമ്മൾക്കു പൊതുവിൽ പെററമ്മ;
അവർതൻ സേവതാൻ നമുക്കു സൽകർമ്മം.

Digitized By Kerala Sahitya Akademi

ഇതരജീവികൾ കിടക്കട്ടേ; മർത്ത്യ-
ഹൃദയങ്ങളാദ്യമിണങ്ങട്ടേ തമ്മിൽ.
ഒരമ്മതൻ മക്കളല്ലപ്പുവാളുമായ്-
പ്പോരുതും പോർക്കളമവർതൻ മാറിടം!
ഇതോ ധരിത്രിതൻ പുരോഗതി? നിങ്ങൾ-
ക്കിതോ ജനിത്രിതൻ വരിവസ്യാവിധി?
ഒരു യുഗത്തിങ്കലൊരിക്കലോ മററോ
തിരുവവതാരം ജഗദീശൻ ചെയ്വൂ ;
ത്തുണയ്പ്പു ഞങ്ങളും കഴിവോളമപ്പോൾ
ജ്ഞാനിക്കാനന്ദം ജനിച്ചിടും മട്ടിൽ.
അതിന്നു മുമ്പിലുമതിന്നു പിമ്പിലും
ക്ഷിതിക്കു മർത്ത്യർതൻ ഒരാ സഹസ്രം.
യഥാർത്ഥമാം പുത്രസുഖമവർക്കില്ല;
യഥാർത്ഥമാമൂർദ്ധ്വഗമനവുമില്ല.
നിലകൊൾവൂ മർത്ത്യസമുദായധർമ്മ്യം
ശിലകളൊക്കെയുമിളകി വെവ്വേറേ;
അവയിലോരോന്നുമയിത്തം ഭാവിച്ചു
ശിവ ശിവ! നില്പൂ തൊടാതെ തങ്ങളിൽ

Digitized By Kerala Sahitya Akademi

മറിഞ്ഞുവീഴാറായ് മനോജ്ഞമീസ്സൗധം;
തെറിച്ചുപോകാറായ് ശിലകൾ ദൂരവേ.
ഉടയവനെയോർത്തിനിയെന്നാകിലും
വിടവടയ്ക്കുവിൻ! വിരോധം തീർക്കുവിൻ!
പരസ്പരപ്രേമസുധാനുലേപത്താൽ
പരമിപ്പ്രാസാദം പ്രകാശമേന്തട്ടെ.
പരോപകാരമാം ശിവപഞ്ചാക്ഷരി
പരിചയിക്കുവിൻ പ്രവൃത്തിരൂപത്തിൽ.

## VII

"മരുവുന്നങ്ങളെ വശംകെട്ടു കരം
തിരുമ്മിയുംകൊണ്ടു ഹതാശനാം വിധി.
'ധരയെ നാകത്തിൻ മുകളിലാക്കുവാൻ
കരുതിയല്ലോ ഞാൻ ചമച്ചു മർത്ത്യനെ.
വരത്തെ നല്കിന മഹേശനെക്കൊല്‌വാ-
നൊരുങ്ങിന വൃകനൊരുവിധം ഭേദം ;
അതു ഞാനേകിന മനുഷ്യരോ പിതൃ-
വധം താൻ ചെയ്യുന്നു നിജജനനിയെ.
നിലമറന്നൊരീജ്ജളരിന്നിക്കാട്ടിൽ
വലീമുഖങ്ങൾതൻ പുറകേ പോകട്ടേ;

Digitized By Kerala Sahitya Akademi

പുതിയ സൃഷ്ടിയൊന്നിനിയും ചെയ്വാൻ ഞാൻ
ക്ഷിതിദേവിക്കഴലകന്നിടും മട്ടിൽ."
ഇവണ്ണമോക്കുന്ന ചിലപ്പോൾ നാന്മുഖൻ ;
നവമാം മുത്തൊട്ടു കരുപ്പിടിക്കുന്നു ;
ക്ഷമിക്കുന്നു വീണ്ടും ; വയസ്സേപോം തോറും
ശമിക്കുന്നു ശീഘ്രം തദീയരോഷാഗ്നി.
കടന്നു പോകട്ടേ കുറച്ചുകൂടിയെ-
ന്നടങ്ങിവാഴുന്നു വിളു പിതാമഹൻ.
അധികംനാളൊന്നും നിലനിൽക്കില്ലിനി
വിധിക്കു നിങ്ങളിലിരുന്ന വിശ്വാസം ;
ധരണീദേവിതൻ കദനം കാണുമ്പോൾ
ഹിരണ്യഗർഭന്റെ ഹൃദയം ഭേദിക്കും.
ഇനിയ മണ്ണോരോന്നജന്നു കൈപ്പണി-
ക്കിനിയുമുണ്ടെന്നു കരുതിക്കൊള്ളുവിൻ !
പുതുമട്ടിൽ ഭൂമിക്കധീശരുണ്ടായാൽ
പൃഥിവിയിൽ നരൻ മതിതീർവാനരൻ.
അരശുകൈവിട്ടാലണയും മാലെന്തെ-
ന്നനുഭവിക്കുമ്പോളറിഞ്ഞിടാം താനും.
അതിന്നിടനല്കി,യടവി പൂകൊല്ലേ!
വിധിതൻ കാരുണ്യം പരീക്ഷ ചെയ്യൊല്ലേ !!

Digitized By Kerala Sahitya Akademi

ഇതോതുവാനെന്നെയയച്ചാൻ മാനുഷ–
ഹിതോപദേശത്തിൽ കുതുകി വായുജൻ ! ”

മറഞ്ഞു വാനരൻ: സഹോദരന്മാരേ !
കറഞ്ഞൊന്നോക്കുവിൻ തദീയസന്ദേശം,
മതി മതി കാലം കളഞ്ഞതു, തീശനെ–
പ്പുതിയൊരുസൃഷ്ടിക്കൊരുക്കല്ലേനമ്മൾ !

---

Digitized By Kerala Sahitya Akademi

# പ്രഭുസമക്ഷം

---

I

ഈരേഴുലോകങ്ങൾക്കുമീശനാം മഹാപ്രഭോ !
ദൂരസ്ഥം, മഹോന്നതം, ദുഷ്പ്രാപം, ഭവൽപദം;
എങ്കിലും പാപിഷ്ഠനാം ഞാനുമപ്പദത്തിങ്കൽ—
ത്തങ്ങിടുന്നതിന്നു താൻ താവകം പരിശ്രമം.

II

ആവതല്ലങ്ങേക്കൈക്കുമെങ്ങോളമെന്നെക്കേററാ—
നാഞ്ഞല്ലും വലിക്കുകിൽപ്പൊട്ടിപ്പോം പൂമാലയാൽ.
ആകയാലാവാം കനിഞ്ഞിമ്മട്ടിൽക്കനം പൂണ്ട
ലോഹശൃംഖലകൊണ്ടു കഷ്ടിപ്പു;തറിഞ്ഞു ഞാൻ.
ഇങ്ങെനിക്കെന്തിന്നതോർത്താതങ്കം ? എന്മേനിയി—
ലങ്ങേക്കൈ ചാർത്തീടുന്നതാകല്പമല്ലീ സർവം ?
ആത്തളുക്കടെക്കണ്ണിപെട്ടുരഞ്ഞങ്ങേച്ചെല്ല—
ക്കൈത്തളച്ചെമ്പല്ലവം നൊന്തിടുന്നുണ്ടാം വിഭോ !
ആയതിൻ കിലുക്കം ഞാൻ ഗീതമായ്ച്ചെവിക്കൊള്ളും—
മായതിൻമുറിപ്പാടെൻ കീർത്തിമുദ്രയായ്ക്കാണാം ! 14

Digitized By Kerala Sahitya Akademi

## III

എത്രയോ കിടങ്ങിടയുണ്ടെനിക്കിറങ്ങുവാ-
നെത്രയോ, വഴിക്കുമേൽക്കോട്ടയും കയറുവാൻ.
രണ്ടുമെൻ പുരോഗതിക്കൊപ്പത്തിൽ തടസ്ഥങ്ങൾ ;
രണ്ടിന്നുമക്കേപ്പുറത്തെൻ ലാക്കാം ദേവൽസൌധം.
കാരമുൾ കുത്തിക്കേറിക്കാലിൽ നിന്നൊലിപ്പിപ്പൂ
ചോരയിക്കാന്താരമെന്നോർത്തു ഞാൻ ഖേദിപ്പീല.
അപ്പുലർ പ്രഭാകരച്ചെങ്കതിർ പ്രകാശത്തിൽ
മൽപദം തെല്ലെങ്കിലും മുന്നോട്ടു നീങ്ങാമല്ലീ ?
അങ്ങയും ഞാനും തമ്മിൽ വാച്ചിടും ദൂരത്തിന്നു
ള്ളമന്നീക്കംകൊണ്ടു മേല്ക്കുമേൽ വരാമല്ലീ ? 24

## IV

ആവതല്ലെനിക്കേതും നിന്ദ്യമാമീരൂപത്തിൽ-
ത്തേവരാൽ ചൂഴപ്പെട്ടോരങ്ങയെസ്സമീപിപ്പാൻ.
എത്രയോ കൊട്ടിത്തട്ടിക്കോട്ടവും കേടും നീങ്ങി-
സ്സുഷ്ഠുവായ്ത്തീർന്നിട്ടല്ലീ ഞാനതിന്നൊരുങ്ങേണ്ടു !
പങ്കത്തെക്ഷാളിക്കുവാൻ ബാഷ്പധാരതാൻ വേണം ;
പങ്കമായാമംതീരാൻ ചെന്തീതാൻ ജ്വലിക്കണം.
എത്രയോ രാകിത്തേച്ചുവേണമങ്ങെന്നെശ്ശ്രേഷ്ഠ-
രത്നമാക്കുവാൻ, നി[illegible] ഞാൻ വെറും കാചപ്രായൻ 32

Digitized By Kerala Sahitya Akademi

ആതുരൻ ഞാനല്ലർഹൻ ശോധിപ്പാനെന്നിൽച്ചേരു-
മാഭിവൈദ്യനാമങ്ങേശ്ശസ്ത്രത്തിൻ വ്യാപാരത്തെ.

## V

ഏകാൻ ഞാൻ ഭവാനോടു ഭീതനായ് പ്രാർത്ഥിപ്പതി-
ല്ലേകാന്തസൌഖ്യങ്ങളാം രാവില്ലാട്ടിനങ്ങളെ.
ഏതിനാൽ സമുൽകർഷം സാധിക്കാമെനിക്കെന്റെ
താതനും മാതാവുമാമങ്ങല്ലീ ധരിക്കുന്നു ?
ഏതുരൂപമാണിഷ്ടമാ രൂപം വാർക്കുമാറ്റി-
ലാഭിരിലിപ്പിയാമങ്ങെൻ മൺപിണ്ഡം വിമർദ്ദിക്കൂ !
എത്രമേൽ വിശുദ്ധിയെ പ്രാപിച്ചാൽ ത്വൽപൂജയ്ക്കെൻ-
ചിത്തതാർ സ്വീകാര്യമാമത്രമേൽ വിശോധിക്കൂ.
ഇന്നേഴും പോരായ്മകളത്രയും തീർന്നങ്ങെന്നെ-
പ്പിന്നെയും സൃഷ്ടിക്കൂ ! ഞാനന്നു താൻ ദ്വിജന്മാവാം.

## VI

അങ്ങു ഞാൻ ശിക്ഷപ്പെടാനേതുകോലെടുത്താലു-
മങ്ങേക്കൈ പീയൂഷാർദ്രമെന്നു ഞാൻ ധരിച്ചാവൂ !
ദുഃഖപ്പൊയ്മുഖം കെട്ടി ക്രീഡിക്കും സുഖത്തെയെ-
ന്നാരംകണ്ണാലതിൻ സാക്ഷാദ്രൂപത്തിൽ ദർശിച്ചാവൂ! 48

Digitized By Kerala Sahitya Akademi

# മൃണാളിനി

## I

പത്തിന്നു മേലായ് മണി; പാരമാരാവിങ്കലും
സുപ്തിയിൽ സുഖം നേടും കാലമായ് സുകൃതികൾ.
അടച്ചുപൂട്ടിപ്പോയീ കതകപ്പണക്കാരർ;
കടക്ക മുന്നോട്ടു നാമിരുട്ടിൽത്തപ്പിത്തപ്പി.
അല്പം തിന്നല്പം തിന്മാൻ വെൺചിതലുഴിഞ്ഞിട്ടു
കപ്പമൺചെറ്റപ്പുരയൊന്നതാ ! പുരോഭൂവിൽ !
അകമേയല്ലിൻപുറം വിഴുങ്ങാൻ ചൂഴ്‌ന്നങ്ങൊരു
തകരക്കൈച്ചിമ്മിണി പുകഞ്ഞു കത്തീടുന്നു.
ഹാ ! പരം തത്രത്യയാമലക്ഷ്മീദേവിക്കു
ധൂപദീപാരാധനമൊന്നിച്ചു നടത്തുന്നു.
ഇല്ല തീ,യതല്ലാതെ മറ്റൊങ്ങും ; അടുപ്പത്തു
കല്ലരി കൈവന്നാല്ലീ കായനീരന്നത്തേങ്ങു ? 12

## II

തുറന്നു കിടക്കമന്നടയിൽ നില്പുണ്ടൊരു
വരുതിപ്പിശാചിക ! — അല്ലല്ല, വനിതയാൾ.
ബാധയോ ? ശാന്തം പാപം ! ദീനയാമത്തന്വിക്കു
ജാതകവേളയെന്ന്യേ മറ്റൊന്നും പിഴച്ചീല.

Digitized By Kerala Sahitya Akademi

വിധി-സർവ്വവും കീഴ്മേൽ മറിപ്പോ;-നവൾക്കന്ത്യാ
പതിനെട്ടാങ്കൽ പ്രായമെൺപത്തൊന്നാക്കിത്തീർത്തു.
ചാളതൻ ചങ്ങാതിയല്ലമ്മങ്ക ജനനത്തിൽ—
കാലനീരൊഴുക്കത്തിലങ്ങുചെന്നടിഞ്ഞവൾ.
മാലുകൊണ്ടുഴന്നുഴന്നോമനപ്പൂമെയ് വെറും
തോലുമെല്ലുമായ് മാത്രം ശേഷിച്ചോരത്തയ്യലാൾ
ഒരിക്കൽ തണ്ടാരിൽമാത്തടിമപ്പണിചെയ്തോ,-
ളരക്കെ രതിയുമായഴകിൽപ്പൊരുതിനോൾ !
കെട്ടമിൻനുറുക്കൊന്നു കഴുത്തിൽപ്പൂണ്ടോളവൾ,
കെട്ടിടാറാമമ്മുറിച്ചിമ്മിണിത്തിരിപോലെ.
ജന്മത്തെപ്പാഴാക്കിനാൾ വേളിയാൽ;—മാവെന്നോർത്തു
മുൾമുരുക്കിനെച്ചുറ്റീ മുല്ലപോയ് മോഹത്തിനാൽ. 28

II

ശ്രേഷ്ഠനെൻ സൌന്ദര്യവാൻ, വിത്തവാൻ, വീരൻ, യുവാ-
വിത്തരത്തിങ്കൽ മാത്രമീക്ഷിച്ചോൾ മൃണാളിനി.
ശ്ലാഘ്യമാമച്ചന്ദനമരത്തിന്നകത്തൊരു
മൂർഖപ്പാമ്പിരിപ്പതമ്മുഗ്ദ്ധയാൾ ധരിച്ചീല.
ഒരു കുറ്റമേയുള്ളു—കുടി—അപ്പുമാനെല്ലാം
ശരിമ, റ്റടിമാത്രമുടഞ്ഞതപ്പൊൻകുടം,

Digitized By Kerala Sahitya Akademi

വിത്തം, ആരോഗ്യം, രൂപം, യശസ്സ്, വൃത്തം, ശ്രുത-
മിത്തരം സർവസ്വവും മേൽക്കുമേൽ ശോഭിച്ചവൻ
എന്നെന്നും മർത്ത്യസേവൈകതാനനായ്ച്ചെയ്തോൻ
നിർന്നിദ്രൻ—നിരാഹാരൻ—നിശ്ചിന്തൻ—നിശ്ചേ-
[തനൻ
പാശിതൻമകരം കനിഞ്ഞരുളീടിന വരം—
പാരം—ഒന്നവ്വണ്ണമപ്പാപിതൻ കഴുത്തിലും ;
നാഥനാമവൻ ചേർത്ത 'മംഗല്യ'വിലങ്ങൊന്നു
സാധുവാമത്തയ്യലിൻ ശംഖൊളിഗ്ഗളത്തിലും !
എന്നാലെന്തസ്സാധ്വിക്കു രാമഭദ്രനബ്ഭദ്രൻ ;
തൻനാഥൻ പൂകും വനമസ്സീതയ്ക്കുമയോദ്ധ്യതാൻ.
അന്തഃകഷ്ടിയായുള്ള തന്നുഗ്രതപസ്സിനെ-
പ്പന്തിയിൽ ഭജിച്ചാളപ്രത്യഗ്രശീലാവതി.
അവനെത്തൻ ദൈവമായന്വഹം ധ്യാനംചെയ്തു-
മവനുവേണ്ടി തന്റെ സർവവും ത്യാഗം ചെയ്തും
ഹാ ! കഷ്ടമവൾ വീണാളവനാലാകൃഷ്ടയായ്
നാകപൃഷ്ഠത്തിൽനിന്നു നാരകത്തീക്കുണ്ഡത്തിൽ,
ക്ഷുൽപിപാസാധിവ്യാധിചിന്താഖ്യപഞ്ചാഗ്നിക-
ളൊപ്പമാപ്പെണ്ണിൻ മെയ്യുമുള്ളവും ദഹിപ്പിച്ചു.

Digitized By Kerala Sahitya Akademi

ഒരിക്കൽത്തഴച്ചതാമച്ചെടി പാതിക്കുമേൽ
കരിക്കട്ടയായപ്പോയി ; വെണ്ണീറുമാവാറായി.
അത്തരം ദുഃഖം കാണ്മൊന്നല്ലല്ലോ താൻ വേട്ടതാം
മത്തപ്രമത്തോന്മത്തമാനുഷജീവപ്ലവം ! 56

## IV

കാണ്മതുണ്ടമ്മങ്കതൻ കൈയിണയ്ക്കുണ്ണിപ്പൂൺപാ-
യാണ്മണിക്കഞ്ഞൊന്നാക്കമാനന്ദത്തങ്കക്കുടം.
അയ്യതോ തേങ്ങിപ്പിടഞ്ഞാർത്തമായ്ക്കരയുന്നു,
വായതാൻ വരണ്ടിട്ടും, വയററിൽ തീകത്തീട്ടും.
തന്നിളങ്കിടാവിന്മെയ്ത്താമരത്താരിൽത്തായ
കണ്ണുനീരൊഴുക്കുന്നു ; കൈത്തുമ്പാൽ തുടയ്ക്കുന്നു.
എന്തുതാനതല്ലാതെ ചെയ്തിടാമപ്പാവത്തി-
ന്നന്ധകൂപത്തിൽ ദൈവം—അന്യായം—അമർത്തിയാൽ ?
അക്കൃശത്തിങ്കൾക്കലയ്ക്കെപ്പൊഴോ വളർപക്ഷ-
മഗ്ഗ്രീഷ്മതപ്താപഗയ്ക്കെപ്പൊഴോ വർഷാഗമം ?
കാത്തുനില്ക്കയാണവൾ വാതില്ക്കൽ കൈക്കുഞ്ഞുമായ്
ധൂർത്തനാം തന്നീശനെ—കാലനെത്തോല്പിപ്പോനെ, 68

Digitized By Kerala Sahitya Akademi

## V

വരുന്നു ദൂരെനിന്നു കങ്കാളമൊ,ന്നസ്സതും
പുരുഷാകാരത്തിന്റെ ചൃത്തനാം വിഡംബനം.
പാഴ്മദ്യച്ചേററിൽത്താണു പാതിയും മണ്ണായ്പ്പോയൊ-
രാമർത്ത്യൻ ഭദ്രൻ പേരാ,ലഭദ്രൻ ശീലത്തിനാൽ.
വിജ്ഞർക്കു ഹാലാഹലം ഹാല; പാണിനീയത്തിൽ
യജ്ഞത്തെത്തന്നെച്ചൊല്ലാംയജ്ഞമെന്നില്ലേ വിധി ?
പേയമാകയാലത്ര പേയനായ് ലോകത്തിനു
ഹേയനായ്പ്പോയാൻ, പണ്ടു ഗേയനായ് വാണോരവൻ.
ആടിയും കറങ്ങിയും പാടിയും രജസ്സാൽ മെയ്-
മൂടിയും വരികയാണമ്മധുപാഗ്രേസരൻ.
ചാലമേൽ നിന്നക്കാഴ്ച കണ്ടിട്ടും മരങ്ങൾക്കു
ചാലവേ മലർമിഴി കണ്ണീരിൽ മുഴുകവേ,
പാപിക്കു മാർഗ്ഗംകാട്ടും ജീവി,യേതധോലോകം
പ്രാപിക്കുമെന്നോർത്തുഡുദീപങ്ങൾ നടുങ്ങവേ ;
കളയുന്നില്ലാ ഭവാൻ ദുർജ്ജന്മമെന്നങ്ങിങ്ങു
കിളിക്കുഞ്ഞുങ്ങൾപോലും കൃപയാൽ കഥിക്കവേ ;
ക്രമമില്ലാതെ ദുർവാക്കെപ്പോഴുമുരച്ചാലും
ക്ഷമയെക്രൂരരെക്രൂരടെയവലംബിക്കുന്നവൻ,

Digitized By Kerala Sahitya Akademi

അലയാഴിനാൻ രഥ്യ ; തനിക്കല്ലതിമാത്ര
നിലയില്ലായ്കയെന്നു നിനച്ചു നീന്തുന്നവൻ;
രണ്ടുവേണ്ടവതമ്മിലെന്നോർത്തു പന്ഥാവിൻെറ
രണ്ടു വക്കിലുംകൂടി നടപ്പാൻ കൊതിപ്പവൻ;
കേവലം നീലാംബരൻ, വ്യോമത്തിലദൃശ്യനാം
രേവതീരമണനെപ്പോരിനായ് വിളിപ്പവൻ;
നെററിനെഞ്ഞിവയ്ക്കുമേൽ റോസ്സിലെച്ചരൽക്കല്ലു
പററിച്ച ചെങ്കുങ്കമപ്പൊട്ടിനാൽ വിളങ്ങുവോൻ;
എത്തിനാനൊരു മട്ടിലിഴഞ്ഞു തന്മാടത്തിൽ-
ശക്തിയ,ല്ലശക്തിതാൻ പൂജയാൽ പ്രസാദിച്ചോൻ. 96

## VI

കൂലിവേലയ്ക്കാണവൻ പോയതു പുലർച്ചയ്ക്കു;
ശീലിച്ചോൻ ശീലിക്കാത്തതൊക്കെയും വറുതിയാൽ.
അന്നന്നു പണിയെടുത്തങ്ങൊരു പണം നേടു;-
മന്നദ്രവ്യം മദ്യദ്രാവകം ദ്രവിപ്പിക്കും.
ഇരന്നോ വേലചെയ്തോ വല്ലമട്ടിലുമന്തി-
ക്കരക്കാണപിക്കള്ളരി, യവൻതൻ വധു നേടും ;

Digitized By Kerala Sahitya Akademi

അതുകൊണ്ടഷ്ഠര്‍വൃത്തികഴിക്കാം രണ്ടാളും; തന്‍
നിധിയാം കിടാവിന്നെത്തായയാറം പോററുംതാനും.
അമ്മട്ടില്‍ക്കാലംപോകെ വീഴ്കയായൊരുനാളി-
ലമ്മങ്കമീനപ്പായില്‍;— പായേതു?—പുതുമണ്ണില്‍
അന്നു കാലത്തു കാന്തന്‍ വേലയ്ക്കു പോകെസ്സാധ്വി
ചൊന്നാറം: "ഹാ! ഭര്‍ത്താവേ! ഞാന്‍ രോഗാര്‍ത്തയാ-
[യെനല്ലോ.
ഇന്നത്തെക്കഴിച്ചിലിന്നെന്തൊരുവഴി ? നമ്മറം-
ക്കൊന്നുമില്ലല്ലോ കൈയിലൊക്കയും പൊയ്പോയല്ലോ.
ഇന്നങ്ങു നേട്ടം കൂലികൊണ്ടു വല്ലതും വാങ്ങി
വന്നിടേണമേ തിരിച്ചങ്ങാണെ! ദൈവത്താണെ!
കുട്ടിയൊന്നില്ലേ നമു,ക്കല്ലെങ്കിലതിന്‍കാര്യം
പട്ടിണിയായിപ്പോമേ! പാവത്തെ മറക്കൊല്ലേ!
വരണേ നാഥനന്തിമയങ്ങുംമുന്‍പു്" എന്നോതി-
ക്കരയും കല്യാണിയില്‍ കണ്മിഴി പകരാതെ
"വരട്ടേ; നോക്കാം, മൊരുകപ്പിയിങ്ങു,ണ്ടിന്നത്തെ-
യിരവിന്നതുപോരുമെന്നു ഞാന്‍ പക്ഷേ വയ്ക്കാം.
കേറാതെ കഴിക്കണം ഷോപ്പില്‍; എന്‍ കാര്യം പിന്നില്‍
ത്താനവലിച്ചാലുമങ്ങോട്ടേ പായുതാനും.

Digitized By Kerala Sahitya Akademi

എന്തൊരു ശനി—ബാധ—മാരണം—ആട്ടേ, നോക്കാം-
മന്തിയോടടുക്കട്ടെ,യപ്പോഴല്ലയോ വേണ്ടു ?”
എന്നുരചെയ്തുപോയ പതിയെക്കാത്തുംകൊണ്ടാ-
ണന്നവൾ നില്ക്കുന്നതു വാതിൽക്കൽ കിടാവുമായ്.
ആശയും നൈരാശ്യവുമങ്ങുമിങ്ങുമായ് നിന്നു
വാശിയിൽ വടംവലി നടത്തും ഹൃത്തട്ടുമായ്.
നില്ക്കുവാനാമായിട്ടു നില്പതല്ലങ്ങസ്സാധ്വി,
കൈക്കുഞ്ഞു കരയുവോളം; കർത്തവ്യം കണ്ടീടാത്തോളം. 228

## VII

വന്നുവന്നീല കാന്തൻ തന്മുന്നിൽ, ഉടൻ ചാടി
തനപിതൻ മിഴിയിണയവൻതൻ കൈരണ്ടിലും;
ഝടിതി പിന്നെപ്പററിപ്പിടിച്ചുകേറി പാഞ്ഞു
മടിയിൽ—തോത്തിൻ തുമ്പിൽ— കക്ഷത്തിൽ-ചുമൽ
[പ്പാട്ടിൽ;
ഉത്തമാങ്ഗത്തിലെത്താൻ നടുങ്ങി, മുഖത്തിങ്കൽ
സ്തബ്ധമായല്പംനിന്നു തറമേൽ താനേവീണു.
ശൂന്യമാണശ്ശരീരം മുഴുവ,നൊരു ചെറു-
ധാന്യത്തിൻനിഴൽപോലുമങ്ങതിൽ തട്ടീട്ടില്ല !

Digitized By Kerala Sahitya Akademi

ഓതിനാൾ കാതരയായ് സാധ്വിയാൾ: "അയ്യോ !-
[രാത്രി

പാതിപോയല്ലോ! കുഞ്ഞു പട്ടിണിക്കൂടായല്ലോ!
അങ്ങയാമിലവിനെക്കാത്തല്ലോ ഞാനും കിളി;
എങ്ങനെ കഴിയേണ്ടു മേൽവരും യാമം രണ്ടും?
എന്തിപ്പോൾ ചെയ്യേണ്ടു ഞാ,നെങ്ങു ചെന്നിരിക്കേണ്ടു !
വെന്തിടുന്നല്ലോ മനം; ഭർത്താവേ ! ഹാ ! ഭർത്താവേ!
എന്നാഥ,നിപ്പൈതലിന്നച്ഛ,നങ്ങൊരു പുമാ,-
നെന്നാലറിക്കഞ്ഞു,ങ്ങയാൽ ഞാനു,മിമ്മട്ടായല്ലോ !
എന്നുരച്ചവശയായ് നില്ക്കുമസ്സതിതൻ വാ-
ക്കൊന്നുമബ്ഭ്രതത്തിൻറയുള്ളത്തിലേറുന്നീല.
ഏതു ഭർത്താവു, ഭാര്യ, പൈതൽ, പട്ടിണി രാത്രി,-
യോതുവാനില്ലങ്ങൊന്നു,മൊക്കയും പരബ്രഹ്മം.
ഓതിനാൻ ഭ്രാന്തൻ : "ഏതു രാവെടീ നട്ടുച്ചയ്ക്കു?
നീ തന്നിക്കമ്പക്കാരി,യല്ലെങ്കിൽ കുടിച്ചവൾ.
രാവേതു പകലേതു നീയേതിക്കിടാവേതി-
ങ്ങീവല്ലയേതു ഞാനേതാകുന്നോ? കളിക്കുന്നോ? 153

Digitized By Kerala Sahitya Akademi

പണ്ടാരംവെയ്ക്കട്ടെ നിൻപട്ടിണിപ്പാട്ടും നീയു–
മുണ്ടാക്കിട്ടന്നോ കൊലപാതകം? ദൂരെപ്പോടീ!
അല്ലെങ്കിൽ വാടീ! തൊണ്ടയ്ക്കകത്തു തീ കത്തുന്നു;
വല്ലതും കൊണ്ടുവാടീ വായൊന്നു നനയ്ക്കുവാൻ.
ഇങ്ങുവാ പൊന്നേ! കണ്ണേ! കൊണ്ടുവാ! വാവാ! വേഗം;
എങ്ങെടീ? എങ്ങെങ്ങെടീ? എങ്ങെങ്ങെങ്ങെടീ കപ്പ്?
വേണമിക്ഷണം കപ്പി—കക്കപ്പി—കക്കപ്പിപ്പി-
യാനന്ദം നിത്യാനന്ദ,മാനന്ദം ബ്രഹ്മാനന്ദം!
കൊണ്ടുവാ പോയെക്കൊണ്ടുവാ; കൊണ്ടുകൊണ്ടുവാ" യെന്നു
ശണ്ഠകൂട്ടുന്നു പാപി ശാപഗ്രസ്തനെപ്പോലെ.
പാടവം പാവത്തിനേതമ്മട്ടിൽ മുന്നിൽക്കേറി
'ക്കോടയിൽ കളിച്ചവൻ'കോമരം തുള്ളീടുമ്പോഴും? 164

## VIII

പറന്നുപോയീ ദൂരെ പ്രത്യുല്പന്നമാം മതി;
കറങ്ങീ കീഴ്മേൽമറിഞ്ഞൂഴിയും ഗഗനവും;
ഒന്നുമേ തോന്നീലാദ്യമുത്തരമോതാൻ; ഉണ്ടായ്
പിന്നെയസ്സതിക്കൊരു ഭീമമാം ഭ്രാന്താവേശം.
"കപ്പിയോ? ഹാ! ഭർത്താവേ! പിന്നെയും? തരട്ടേ ഞാൻ
കപ്പിയൊ,ന്നെനിക്കങ്ങു നല്കിയ തങ്കക്കപ്പി?

Digitized By Kerala Sahitya Akademi

രക്ഷസ്സു, അർദ്ധരാത്രിയീവേള, മനസ്സെങ്കിൽ,
രക്ഷിക്കാമീക്കപ്പിയെ, യല്ലെങ്കിലൂടച്ചിടാം.
കൈവളത്തട്ടേ ശാന്തിയണെയ്യുമീദ്രാഘത്തിന്നു
ഹാ ! വിവേകമോ കുഞ്ഞിൻമാറിലെച്ചെഞ്ചോരയോ ?
ഈമട്ടിലൊരു നിശയിനിമേൽ ഞാൻ കണ്ടിടൊ-
ല്ലീമട്ടിലൊരുനില വരുത്തൊല്ലാക്കും വിധി ! ”
എന്നോതി നൈരാശ്യത്തിൽത്തന്നെത്താൻ മറന്നവൾ
തന്നോമൽകിടാവിനെ—തൻ പ്രേമഭണ്ഡാരത്തെ—
മദ്യമത്തനായ് മഹാക്രൂദ്ധനായ് നില്ക്കും തൻെറ
ഭത്താവിൻ കരത്തിങ്കൽ—കാലദംഷ്ട്രയിൽ—ചേർത്താൾ.
മുടിമുത്തുതാൻ വത്സേ! മുശ്ധകരംക്ക നീ; ഹന്ത !
ചുടലച്ചെന്തീയിലിത്തുമ്പപ്പൂവർച്ചിച്ചല്ലോ !
“കപ്പിയോ ? കൊള്ളാമെടി ! നല്ലകപ്പിയിക്കപ്പി!”
അപ്പിശാചേവമോതിപ്പൈതലിൻ കഴുത്തിങ്കൽ
കോക്കട്ടപ്പെട്ടുഞെരിച്ചവാൻപോലവേ കൈവയ്ക്കുന്നു;
മേല്ക്കുമേൽ വാവിട്ടേങ്ങിപ്പൈതലും കരയുന്നു.
തയ്യലാൾ “ചതിക്കൊല്ലേ! കുഞ്ഞിനെക്കൊല്ലൊല്ലേ”യെ-
ന്നയ്യവും വിളിയുമായ് താണുകേണിരക്കുന്നു.

Digitized By Kerala Sahitya Akademi

# IV

വൈതരണ്യഭിഖ്യയാമാററിലെ കലുഷാംബു ;
യാതനാലോകത്തിലെത്തപ്തസീസകദ്രവം ;
മത്തിനെത്തിയ്ക്കുമാകും പൈശാചരസായനം ;
ബുദ്ധിക്ക സാദ്യോമൃത്യു നല്കീടും പടുക്ഷ്വേളം ;
ദാഹത്തെ വർദ്ധിപ്പിക്കും മൃഗതൃഷ്ണികാരസം ;
മോഹമാം ധൂമധ്വജന്നാഹുതിക്കുള്ളോരാജ്യം ;
ശീലത്തിൻ പിണ്ഡക്രിയയ്ക്കുതകും തിലോദകം;
കാലന്തരിലേയ്ക്കുള്ള മോട്ടാറിൻ പെട്രോൾതൈലം;
പാട്ടിലെത്തുവോർക്കാപത്തേകുന്ന മധുപക്കം ;
ജ്യേഷ്ഠതൻ വിശ്വാധിപത്യാഭിഷേചനതീർത്ഥം ;
കീർത്തിസൌധത്തിൽ ശനി വീഴ്ത്തീടും പാഴ്ത്താർമഷി;
ധൂർത്തനാം കലിക്കുള്ള ദുർജ്ജയം വരുണാസ്ത്രം ;—
ഇത്തരം മററന്നുള്ള മാനുഷക്കനർത്ഥമായ്
മദ്യമേ ! സർവ്വത്തിലുമാദ്യന്തമവദ്യമേ?
ശ്രീകൃഷ്ണൻ താങ്ങായ്നിന്ന യാദവവംശത്തിനെ
നീ കൃതാന്തത്വം പൂണ്ടു നിശ്ശേഷമൊടുക്കീലേ ?

Digitized By Kerala Sahitya Akademi

പീതങ്ങൾ നിൻബിന്ദുക്കളോരോന്നുമുടനുപാനായ്
പ്രേതസ്വർല്ലോകങ്ങൾക്കു മദ്ധ്യത്തിൽ മർത്ത്യൻ കാണ്മൂ.
പരിചിൽ സരസ്സിലുമാററിലും കിണററിലു-
മരിമപ്പുളകങ്കൊള്ളിത്തെളിനീർ തിളങ്ങവേ ;
ചെറുനാരങ്ങ — രസപ്പൊന്നുണ്ട — കടതോറും
വരുവിനെന്നു നമ്മെത്തൻമെയ്യാൽ വിളിക്കവേ;
വിടിന്ന മലർതോറും പറന്നു തേനീച്ചകൾ
മട്ടുത്തേനീട്ടിക്കൂട്ടി നമുക്ക നൽകീടവേ,
പച്ചപ്പുൽ തിന്നീടുന്ന പശുക്കളകിടിനാൽ
മെച്ചമാം പാൽ ചുരത്തിത്തൊഴുത്തിൽ നിന്നീടവേ;
തെങ്ങുകൾ പച്ചക്കുടനിഴലിലിളനീരു
തങ്ങും തൻശിരസ്സുകൾ നമുക്കായുയർത്തവേ ;
ദുർഗ്ഗന്ധത്തിന്നു നാറും— ദുസ്സ്വാദിന്നോക്കാനിക്കും—
ഇക്കെട്ടമരവെള്ളം മർത്ത്യനം മോന്തുന്നല്ലോ !
ഹന്ത ! ലോകോപകാരവ്രതിയാം കേരത്തിന്റെ
കണ്ഠത്തിൽ ചെത്തുകത്തി ഘാതകനിറക്കുന്നു ;
അന്നന്നു കഴുത്തറുത്തന്നന്നു നിണംചാടി-
ച്ചന്നന്നു തൻചുണ്ണാമ്പുമൺപാത്രം നിറയ്ക്കുന്നു ;
നരയും പതയുമായ് ച്ചുളിച്ചു നാറുന്നൊര-
മ്മരനീർ തീയിൽവാററി, മർത്ത്യജിഹ്വയിൽ വീഴ്ത്തി

Digitized By Kerala Sahitya Akademi

ധ്വാന്തത്തെപ്പുലർത്തുന്ന മദ്ധ്യാഹ്നത്തിലും ; മുഴ-
ഭ്രാന്തശാലയാക്കുന്നു മാതൃഭൂവക്ഷസ്സിനെ !
ഇപ്പുണ്ണിക്കായോ നരന്നേകിനാനീശൻ ബുദ്ധി—
കല്പവൃക്ഷത്തിൽനിന്നു കാകോളം ചമയ്ക്കുവാൻ ? 228

## X

ചൈതലിൻ കഴുത്തിങ്കൽനിന്നു തൻ ഭർത്താവിന്റെ
കൈതട്ടിക്കളഞ്ഞിട്ടും സാധ്വിതൻ മിഴിവഴി,
നാലഞ്ചു കണ്ണീർക്കണം വീഴുന്നു തുടരെയ-
പ്പാഴൻതൻ കരത്തിലു,മപ്പുറം മാർത്തട്ടിലും :—
ഛിന്നഭിന്നമായ്പ്പോയ തന്ത്രത്തിൻ ഖണ്ഡംപോലെ ;
തണ്ണിളങ്കിടാവിന്റെ നിസ്സാരരത്നംപോലെ ;
ഘനമാലാകാലാന്തത്തിൽ നല്ക്വർഷോപലംപോലെ;
ഭൂതോച്ചാടനക്ഷമം പ്രോക്ഷണീതീർത്ഥംപോലെ.
പെട്ടെന്നു മിന്നൽപ്പിണർ ഹൃത്തട്ടിലേതോ പാഞ്ഞ
മട്ടിൽ തൻകരം കുഞ്ഞിൻ കണ്ഠത്തിൽനിന്നും നീക്കി,
അതിനെക്കൈയിൽ വാങ്ങിയശ്രുപിന്നെയും വാർക്കും
സതിയിൽ ഭദ്രൻ മിഴിയർപ്പിച്ചു നിഷ്പന്ദമായ്.
നോക്കുക ! സഹോദര ! നോക്കുക ! നിൻ കണ്ണുകൾ
മെല്ലുമേലാറാടട്ടെയഗ്ഗംഗാപ്രവാഹത്തിൽ ;

Digitized By Kerala Sahitya Akademi

നീ തികച്ചുമേ കാൺക നിൻ മുന്നിൽ നിന്നീടുമ-
പ്പാതിവ്രത്യാധിഷ്ഠാനദേവതാവിശേഷത്തെ.
ആ വണ്ടു രണ്ടും ചെന്നു പററട്ടേ പുത്തുതാമി-
ദ്ദേവിതൻ കഴുത്തിലെപ്പിച്ചകപ്പൂമാലയിൽ.
സാധ്വിതൻ വക്ഷസ്സെങ്ങും വ്യാപിക്കുമക്കണ്ണുനീർ
പേർത്താ നീ നിന്നെക്കാണും കണ്ണാടിയായീടട്ടെ.
പാർത്തുകണ്ടാവൂ നീയമ്മഞ്ജു മൂർത്തിയേയും ത-
ന്മാർത്തട്ടിന്നകം വാഴും നിന്നെയും വേണ്ടുംപോലെ.
നിൻപൂർവ്വപുണ്യമാകും ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച
ബിംബമാണതിങ്കൽ നീ കാണും നിൻ പ്രതിബിംബം.
252

XI

തന്നക്ഷിക്കാന്ധ്യം നീങ്ങിത്തൻ ഗൃഹശ്രീയെബ്ദ്ദേ-
നന്നത്രേ സാക്ഷാൽക്കരിച്ചാദ്യമായ് ജയിപ്പവൻ.
ഏതു ക്രൂരിരുട്ടിന്നുമൊടുവിലുഷസ്സൊന്നു-
ണ്ടേതുകല്പാന്തത്തിന്നുമഗ്രത്തിൽ കൃതയുഗം.
നന്മതൻ നിഴൽതട്ടും തിന്മയ്ക്കു കുശലം താ-
നിമ്മന്നിലിന്നല്ലെങ്കിൽ നാളെയോ മററന്നാളോ.

Digitized By Kerala Sahitya Akademi

തൻകല വെൺപക്ഷത്തിൽ ചന്ദ്രന്നു പരിപൂർണ്ണം ;
ഗംഗയിൽ ചേർന്നോരോടപ്പാഴ്നീരും ഗംഗാജലം.
ഇല്ലധോബിന്ദുവിന്നു താഴെപ്പോയാർക്കും വീഴ്ച ;
ചെല്ലുന്നു നാമങ്ങെന്നാൽ പിന്നെടമുയർച്ചതാൻ.
ശ്ലഥമേ നഗ്നമാക്കാൻ ദുഷ്കാലം തുടങ്ങുമ്പോൾ
ഹൃത്തലിഞ്ഞീശൻ കാക്കും; ചേലയും മേന്മേൽ തരും.
നോക്കിനാൻ വീണ്ടും വീണ്ടുമമ്മൃണാളിനിയേയു-
മാക്കൊച്ചുതങ്കത്തെയും തന്നെയും നന്നായ് ഭദ്രൻ.
തൻപൂമത്ഥലക്ഷ്യവും തൻ തൽകാലാവസ്ഥയും
തമ്മിലുള്ളോരു ദൂരമീക്ഷിച്ചാൻ ഭയങ്കരം.
ആവതെന്തയ്യോ! ഹാ! ഹാ! ദൈവമേ! കറങ്ങുന്നു
പാവത്തിൻ തല ; കത്തിക്കാളുന്നു കരൾത്തടം ;
കുഴഞ്ഞീടുന്നു കഴൽ ; മങ്ങുന്നു മിഴി ; മേന്മേ-
ലൊഴുകീടുന്നു ചുടുവേർപ്പുനീരുടലെങ്ങും.
ക്ഷണത്തിൽക്കണ്ടുകൊള്ളു, വെച്ചു കുഞ്ഞിനെത്താഴെ-
യണയ്പൂ തന്മെയ്യുമായ്ക്കാന്തനെക്കല്യാണിനി.
ഓമലാൾതൻ പുണ്യാംഗസ്പർശത്താലവന്നുള്ളിൽ
രോമരന്ധ്രങ്ങൾ തോറുമൂറുന്നു സുധാരസം,

Digitized By Kerala Sahitya Akademi

താൻ പുനർജ്ജന്മലാഭധന്യനായതുപോലെ
സാമ്പ്രതം വിളങ്ങുന്നു സർവ്വതോമുഖപ്രജ്ഞൻ.
പ്രേമമേ! വിശുദ്ധമാം ഹേമമേ! മോക്ഷാപര-
നാമമേ! യോഗക്ഷേമധാമമേ! ജയിച്ചാലും !

## XII

തന്നെയമ്മട്ടിൽത്താങ്ങിനിന്നിടും തൻ കാന്തയെ-
ത്തൻനവംപൈമ്പാലിനെ—ത്തൻ തണൽപരപ്പിനെ—
അശ്രുവാ[illegible]ർദ്രാർദ്രമാമക[illegible]ത്താൽ നോക്കി
നിശ്ചിതാർത്ഥമാം വാക്യമിത്തരം ചൊന്നാൻ ഭദ്രൻ.
“മൽപ്രിയേ! മദ്ദീപികേ! മന്മനോമഹാരാജ്ഞി!
മൽപ്രാണാധികപ്രാണേ! മൽപൂജാഫലാത്മികേ!
എൻ നാഥേ! മഹാഗുണശാലിനി! മൃണാളിനി!
നിന്നാൽ ഞാൻ സമുത്തീർണ്ണൻ, നിന്നാൽ ഞാൻ സമു-
[ത്ഥിതൻ.

രണ്ടുണ്ടു പുരുഷന്നു ധർമ്മാധ്യാത്മജ്യോതിസ്സകം-
അന്തരാത്മാവൊ,ന്നൊന്നു പത്നിയാം ബഹിഃപ്രാണൻ.
ദീനം പോയ്, ഭ്രമം വിട്ടു, ജാതകപ്പിഴനീങ്ങി,
ഞാനിതാ ഞാനാകുന്നേൻ വീണ്ടും നിൻകരുണയാൽ.

Digitized By Kerala Sahitya Akademi

ദ്രാഘീയസ്സാമെൻ സ്വപ്നം വിട്ടു ഞാൻ പ്രബുദ്ധനായ്;
രാഹുവിൻ വക്ത്രംവിട്ടു മുക്തനായ് രാകാശശി.
സുരലോകമീയൂഴി ഗൃഹത്താൽ; അതില്ലാഞ്ഞാൽ
മരുഭൂ—ശവസ്ഥാനം—പാതാളം—കുംഭീപാകം.

കണ്ടകങ്ങളായ്ത്തീർത്താൻ നാന്മുഖൻ പുരുഷരെ-
ക്കണ്ടകം നൊന്തപ്പുറം പൂക്കളായ് വധുക്കളെ.
ഇണചേർന്നിണങ്ങീടുമിവയാൽ വിളങ്ങുന്നു
പനിനീർമലർത്തോപ്പിൻ പരിചാർന്നിപ്പാരിടം.
വാനിൽനിന്നാഴിക്കുള്ളിൽ വാരുണി വീഴിച്ചവൻ
വാനിൽവന്നിനൻ നില്ക്കും നാളെയുംപുലർച്ചയിൽ.
അമ്മഹസ്സെന്നൽഗതിക്കാദർശമായീടട്ടെ;
ജന്മം ഞാൻ ജയിപ്പിക്കാം; നീയല്ലീ സധർമ്മിണി ?
നിന്നാണെ ഞാനൊന്നോതാമെന്നാണെയിക്കുഞ്ഞാണെ-
യിന്നിശീഥത്താണെയെന്നീശന്റെ തൃക്കാലാണെ !
ആരെന്നെയിഗ്ഗർത്തത്തിൽത്തള്ളി ? അമ്മദിരയാം
മാരിയെ—കൃതാന്തന്റെ കൃത്യതൻ നിഷ്ഠീവത്തെ

Digitized By Kerala Sahitya Akademi

പേർത്തും മേൽ സേവിപ്പീലെൻ നാവിനാൽ—ത്വ-
[ക്കാൽ—മൂക്കാൽ—.
നേത്രത്താൽ—കർണ്ണത്തിനാൽ—പ്രജ്ഞയാൽ—സ്വാ-
[ന്തത്തിനാൽ.
കാണട്ടെ; മുന്നോട്ടുപോമെന്നെത്തടുത്തിടാൻ
ത്രാണി മറെറന്തിന്നുണ്ടീശ്ശത്രുവെൻ കാൽക്കീ-
[ഴായാൽ ? 318

XII

ഈ മട്ടിൽ പ്രതിജ്ഞചെയ്തപ്പുമാൻ താൻ സൂക്ഷിച്ച
പാഴ്മദ്യക്കുപ്പിയൊന്നു — തന്നൊടുക്കത്തേക്കുപ്പി-
നിരത്തിൻമുക്കിൽ നിൽക്കും കരിങ്കല്ലിന്മേൽ വലി-
ച്ചെറിഞ്ഞാനോടിച്ചെന്നു വലങ്കൈകൊണ്ടാഞ്ഞോങ്ങി.
നവ്യഭൂലോകയാത്രാരംഭത്തിലവൻ ചെയ്വാൻ
ദിവ്യനാം ഗുണനശന്നു തേങ്ങദയേവുണ്ടോ വേറേ ?
വൈരിയാം മദ്യത്തിനെപ്പാരിൽ വെന്നവൻ താക്കും
ഭേരിതന്നാദ്യധ്വനി, യായതിൻ ധ്വംസധ്വനി
ഹാ! ഗഗനത്തിൻെറ ചില്ലുദ്വാസത്തിങ്കൽ സുരാ-
ബാധതൻ ബലിക്കൊടപ്പുപോലെ പതിക്കുന്നു.
വായ്പ്പെഴും നൈരാശ്യത്തിൽ തൽക്കണ്ഠസൂത്രം പൊട്ടി-
ച്ചാബ്ഭുതം താഴത്തേക്കു വലിച്ചുഞെറികയോ ?

Digitized By Kerala Sahitya Akademi

തല്ലജമാം ധരിച്ചോരാധീരൻതൻമുഖം നോക്കി-
യജ്ജ്യേഷ്ഠ വഹിക്കയാ ഭാവഗർഭമാം സ്മിതം ?
ലഗ്നമായ്ക്കണ്ടൂ, മന്നിൽ ദ്രവമൊന്നതേതോ, മ-
ബ്ഭഗ്നതൻ തപ്താശ്രുവോ ? പ്രേതത്തിൻ ഹൃദ്രക്തമോ ?
മദിരാപിശാചിയോടന്ത്യമാമാമന്ത്രണം
മതിമാൻഭദ്രനേവമാചരിച്ചനന്തരം
ഏതുകാലമാകിലുമാകട്ടെ; ഭൈക്ഷം നേടി-
പ്രീതനായ് തൻപൈതലിൻ സൌഹിത്യം വളർത്തി-
[നാൻ.
ശ്രേഷ്ഠമാമാചാരത്താൽ ചെറുനാൾപോകെത്തീർന്നാ-
നാഢ്യനാ,യരോഗിയായ്, മൈത്രനായ്, മഹാത്മവായ്.
തിന്മകൾക്കെല്ലാം തിന്മ ലോകത്തിൽ മദിരതാൻ;
നന്മകൾക്കെല്ലാം നന്മ പതിദേവതയും താൻ, 336

Digitized By Kerala Sahitya Akademi

# ഐക്യഗാഥ

ഇമ്മരത്തോപ്പിലെത്തൈമണിക്കാററിന്റെ
മർമ്മരവാക്യത്തിന്നർത്ഥമെന്തോ ?
എന്നയൽക്കാരനിൽനിന്നു ഞാൻ ഭിന്നന-
ല്ലെന്നങ്ങു നിന്നിട്ടു വന്നുരയ്പൂ.

* * *

മാനത്തു വട്ടത്തിൽപ്പാറുമിപ്പക്ഷികൾ
തേനൊലിഗ്ഗാനത്തിൻ സാരമെന്തോ?
എന്നയൽനാട്ടിൽനിന്നെൻനാടു വേറെയ-
ല്ലെന്നിട്ടു രണ്ടും കണ്ടോതീടുന്നു.

* * *

തൻതിരമാല തന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു?
ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-
താകവേ തൊട്ടറിഞ്ഞോതിടുന്നു.

* * *

വ്യോമത്തിൽ നിന്നിടിട്ടുന്നുമീ കൊടിയി-
ക്കാർമുകിലെന്തോന്നു ഗർജ്ജിക്കുന്നു ?

Digitized By Kerala Sahitya Akademi

രണ്ടല്ല നാകവുമൂഴിയുമെന്നതു
രണ്ടിന്നും മദ്ധ്യത്തിൽ നിന്നുരയ്പൂ

* * *

മന്ദമെൻഹൃ,ത്തതിൻ സ്പന്ദത്താൽച്ചെയ്യുമീ-
മന്ത്രോപദേശത്തിൻമർമ്മമെന്തോ?
അപ്പരബ്രഹ്മം താൻ ഞാനെന്നു കൂറുന്നു
രാപ്പകലെന്നോടെന്നന്തര്യാമി.

Digitized By Kerala Sahitya Akademi

# ഭാമ

---

I

ഉണ്ണിയുഷസ്സൊളിചിന്നിയുയർന്നുയർന്നുച്ചയായി;
പിന്നെയതു നിറം മങ്ങിയന്തിയുമായി.
ഇക്ഷണത്തിൽക്കാലമാകും വൻകടലിൻ മാറിൽനിന്നി-
ക്കൊച്ചുപകൽനീക്കുമില്ല കാണാതെയാമോ?
ആകിലെന്തു? മറയട്ടെ വാസരവുമതിൻദൃഷ്ട-
മാഗമിച്ചീടട്ടെ രാത്രി കല്യാണരാത്രി.
ഉദിക്കുന്നു ; തുടിക്കുന്നു ; ചടയ്ക്കുന്നു ; നശിക്കുന്നു ;
പതിവിതിന്നെന്തു മാററം പ്രപഞ്ചത്തിങ്കൽ?
വാടിയ പൂ ചൂടുന്നീല വാർകുഴലിൽ പ്രകൃത്യംബ ;
ചൂടു നീങ്ങി സ്വാദുകെട്ട ചോറശിപ്പീല.
പ്രതിക്ഷണമസ്സവിത്രി തനയർക്കായ്ത്തൻ കനിവാം
പുതുവെള്ളമൊഴുക്കുന്നു പുഴകൾ തോറും.
ചേലിലുമ്പർ മഴവില്ലിൻ ചാറെടുത്തു വാനിടമാം
മാളികയ്ക്കു ചായമിടും കാലമിതല്ലോ!
അതുകാൺമി, നമുക്കിപ്പിന്നവസരോചിതമെന്നു
കഥിക്കുന്നു നമ്മെനോക്കിക്കിളിക്കിടാങ്ങൾ. 16

Digitized By Kerala Sahitya Akademi

## II

വാനിലേവം പലവർണ്ണമൊന്നിനോടൊന്നുചേരവേ,
ദീനതാപമിളംതെന്നൽ [illegible] ലാത്തവേ;
ആശ്ചര്യരത്നാകരോർമ്മികൾ വിണ്ണുപദമെണ്ണിതന്നെ
മാത്തടത്തിൽ പതക്കമായ് ലാലസിക്കവേ;
വ്യോമവീഥി താരഹാരമണിയവേ; പുരിമങ്ക
ഹേമകാന്തിയെഴും ദീപമാല ചാർത്തവേ;
വാടി നറുമലർമാല ചൂടിടവേ; കുയിലിനം
പാടിടവേ; വരിവണ്ടു മുരണ്ടീടവേ;
കുളിർമതിയമൃതൊളിക്കതിർനിര ചൊരിയവേ;
മലയജരസം മാറിൽ മഹി പൂശവേ;
വാനും മന്നുമൊന്നിനൊന്നു മത്സരിച്ചു ചമയവേ;
മാനുഷർക്കു മറെറന്തുള്ളു മാമാങ്കോത്സവം? 28

## III

രാമയെന്ന പേരിലൊരു പാർവണേന്ദുമുഖിയുണ്ടു
ഭാമിനിമാർ തൊടും ചെറുഫാലാലങ്കാരം.
പതിനെട്ടോടടുത്തീടും വയസ്സവൾ; കണ്ടതന്നെ
[illegible] പ്ര[illegible]ക്കൊ[illegible] ചി പദമാദർശം.

Digitized By Kerala Sahitya Akademi

ചിരകാലമകലത്തു വസിച്ചു തൻ ദയിതന്റെ
വരവന്നു കാത്തിരിപ്പൂ പരമാർത്ഥന്നിനി.
കുളിരിളന്തളിരൊത്തൊരു തൻ കളേബരം
കിളിമൊഴിമുടിയന്ന കഴുകി വേഗാൽ,
ഉട,യണി, യലർമാല, യംഗരാഗമിവകൊണ്ടു
മോടിയതിന്നൊന്നിനൊന്നു മുറ്റും വളർത്തി,
വാരുലാവും തന്നുടയ മാളികയിൽ മരുവുന്നു,
മേരുവിങ്കലിളങ്കല്പവല്ലരിപോലെ.
ഏതു ശബ്ദമെങ്ങുനിന്നു പൊങ്ങുകിലുമതുതന്റെ
നാഥനുടെ വരവെന്നോർത്തിരിപ്പൂൺ പാർപ്പൂ;
ചിന്മയമായ് ജഗത്തെല്ലാം ബ്രഹ്മനിഷ്ഠർ കാണുംപോലെ
തന്മയമായ്ത്തന്നേ കാണ്മൂ സർവവും സാധ്വി. 44

## IV

മണിയറയ്ക്കരികിലായ് മങ്കയൊരു ശബ്ദം കേട്ടാൾ;
മണവാളൻ വന്നുവെന്നായ് മത്താടിക്കൊണ്ടാൾ.
ദേഹംമാറി ഭാവംമാറി ഭാവംമാറിപ്പാലയായി;
പൂവൽമേനി പുളകങ്ങളാൽ ഭൂഷിതമായി;
അരമതന്നു താർമിഴിയാൽ നോക്കിടവേ കാണുമാറായ്
ധീരനത്തൻ നിജതാതൻ നില്പതു മുന്നിൽ.

Digitized By Kerala Sahitya Akademi

ഒന്നു ഞെട്ടിപ്പിൻവലിഞ്ഞു സങ്കുചിതശരീരയായ്
സുന്ദരാംഗി ജനകൻതൻ പാദം ഗ്രഹിച്ചാരം.
"കൈതൊഴുന്നേൻ പിതാവേ! ഞാൻ, കനിഞ്ഞാലു"-
[മെന്നു ചൊന്നാരം
ഭീതിയോടും ലജ്ജയോടും സംഭ്രമത്തോടും.
"മതി രാമേ! മതി പോക മണിയറയ്ക്കുള്ളിൽ! നിന്റെ
പതിയുണ്ടോ വന്നുവെന്നു പരിശോധിച്ചേൻ;
വേറെയൊന്നുമില്ല ചൊൽവാൻ" എന്നുരച്ചാൻ ദത്തൻ
[നാവാൽ;
വേറിട്ടൊരു മനോഗതമാനനത്താലും.
കോപമുണ്ടു, താപമുണ്ടു, നിന്ദയുണ്ടു, തന്മുഖത്തിൽ;
ഹാ! പിഴച്ചതെന്തു താനെന്നറിഞ്ഞുമില്ല.
ഏകപുത്രി ഹീരന്നവരം, ഏതു നാളും ജനകനിൽ
കൈകടന്ന കനിവൊന്നേ കാണുമാറുള്ളോരം;
എന്തൊരാപത്തതെന്നോർത്തു ബന്ധുരാംഗി നടുങ്ങവേ
പിന്തിരിഞ്ഞു നടകൊണ്ടാൻ ഭീതിദൻ താതൻ. 64

V

വലിശതനതോന്നതം വക്ത്രമേററം വിറയ്ക്കവേ ;
കവിളുള്ളിൽക്കരൾക്കളമൊഴിഞ്ഞീടവേ ;

Digitized By Kerala Sahitya Akademi

ണുറങ്ങുന്നു കോണിവഴി ഹീരഭത്തൻ; ചിലതെല്ലാം
പറയുന്നു തന്നോടായിപ്പുലിതാപീഡൻ.
"പരിഷ്കാരം പോലുമിതു! ഭഗവാനേ! മുടിഞ്ഞൊരി-
പ്പരിഷ്കാരത്തിൻ തലയിലിടി വീഴണേ!
പാതകപ്പാഴ്ച്ചരക്കേററം പടിഞ്ഞാറൻപടവിതു
പാതാളത്തിന്നടിയിൽപ്പോയ്പ്പതിക്കണമേ !
എത്തിയല്ലോ കലിമുററിയിന്നിലയിൽ; മനുവിൻെറ
'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' നാടുവിട്ടല്ലോ !
ഏവളിവൾ ? എൻെറ മകൾ ഭാമയല്ല—മൂവന്തിയിൽ
തേവിടിശ്ശി ചമയുന്ന ധിക്കാരക്കാരി.
ശീലമെന്യേ ശീലയുണ്ടോ, നാണമെന്യേ കാണമുണ്ടോ
ബാലികയാൾക്കൊരു കലപാലികയാവാൻ ?
ഭാമനപ്പൂന്തിങ്കളെന്നു ഞാൻ നിനച്ചോരിജ്ജ്യോതിസ്സു
ധൂമകേതുവായോ തീർന്നു ? ധൂതമെൻ ഭാഗ്യം !
നടക്കട്ടെ പുതുമോടി; നശിക്കട്ടെ പൂർവാചാരം;
ഒടുക്കത്തെപ്പെരുവെള്ളമുടൻവരട്ടെ"
എന്നു ചൊല്ലിപ്പിതുപാദനിറങ്ങുന്നു; സന്നതാങ്ങി
തന്നുടയ വിധിയോർത്തു തപിച്ചിടുന്നു.
"ഇത്തുമങ്ങേ ലിഖിതമോ വിധാതാവേ ? ജനകന്നു
പതിദേവതയാം ഞാനോ പദവിവിട്ടോൾ ?

Digitized By Kerala Sahitya Akademi

എൻപ്രിയനെബ്ഭജിക്കുവാൻഞാൻ തുടരും സതീവ്രത-
മെൻപിതാവിന്നിത്രമാത്രം ഹിതമല്ലെന്നോ ?
കന്യയല്ല, ശണ്ഡയല്ല, പരിവ്രാജികയുമല്ല;
തന്വിയാം ഞാൻ ചരിക്കുന്നു തൻ വധൂധർമ്മം.
സാദരമെൻമേനിയാമിപ്പൊന്മലരാൽ പ്രിയൻ നില്ക്കെ-
യേതു ദേവദേവനെനിക്കാരാധ്യനാവൂ ?
ഹന്ത ഞാനെൻപിതാവിന്നുമപലപനീയയായാ-
ലെന്തുതന്നെയെന്നെ നോക്കിയന്യരോതില്ല ?"
എന്നുചൊല്ലിക്കരയുന്നു കിളിമൊഴി; കുളിർമുല-
ക്കുന്നു രണ്ടും കഴുകുന്നു ചുടുകണ്ണീരിൽ. 96

## VI

മണവാളൻ ഹൈമൻ വന്നാൻ മണിയറയ്ക്കുള്ളിൽ;
[കണ്ടാൻ
പ്രണയിനി കിടപ്പതു പരവശയായ്.
ദീനയവളാത്മതാപം തൻവപുസ്സാൽ നിവേദിപ്പൂ
മീനവേനൽ വരട്ടിന പൂമ്പൊഴിൽപോലേ.
എഴുന്നേററാൻ; സമീപിച്ചാൻ; സൽക്കരിച്ചാൻ;
[സല്ലപിച്ചാൻ
മുഴുമതിമുഖിയന്നും മുന്നിലേപ്പോലെ.

Digitized By Kerala Sahitya Akademi

അതിലൊരു കറയൊന്നുമത്ഭുതമല്ലെന്നാലും
സതിയവൾ തൻസഹജം വെടിഞ്ഞാളെന്നും,
പരിതാപമേതിനോടോ പടപൊരുന്നത്രേ ചെയ്‌വൂ
പരിചര്യ തന്നിക്കെന്നും, പതിക്കു കാണാം.
“അരുതരുതഴലേതുമരുവയറ്റിമുത്തേ !
തിരുവുരുമലരെങ്ങോ ? ചിന്താഗ്നിയെങ്ങോ ?
ഏതുപിഴയറിയാതെ ചെയ്തുപോയ് ഞാൻ ?
[അതിന്നേതു
പാദപാതൽതം വേണം പ്രായശ്ചിത്തമായ് ?
പ്രാണനാഥേ ! തുറന്നോതു പരമാർത്ഥം ! ശകാരിക്കു !
വേണമെങ്കിൽ പ്രഹരിക്കു പൊൻതളക്കാലാൽ !”
എന്നുരച്ചു തൻവദനമുറവുനോക്കും പ്രിയനോടു
തന്വി ചൊന്നാൾ:—“ഒന്നുമില്ലിതൊന്നുമേയില്ല !
അബലമാക്കനിയതം ഹസിതവും രുദിതവും —
അബലത്തിൽ കരഞ്ഞുപോയ് ചിരിക്കേണ്ടോൾ
[ഞാൻ.
എന്നു ചൊല്ലിക്കളിചിരിളം പുഞ്ചിരി പൂണ്ടനകനെ-
സ്സുന്ദരിയാം സുഖിപ്പിച്ചാൾ സുകരമായി
ആ രജനിയന്തരത്തിലങ്ങനെ തന്നെ കപ്പുമാം-
ലാത്മാരമറിയാതെ കഴിഞ്ഞുകൂടി. 102

Digitized By Kerala Sahitya Akademi

## VII

അടുത്ത നാളന്തിനേരമരികിൽ വന്നച്ഛൻ കണ്ടാൻ
മട്ടുത്തൂകും മൊഴിയാളെ മററൊരുമട്ടിൽ.
കോതിവകഞ്ഞൊതുക്കാത്ത കുന്തളിങ്കലലരില്ല;
പാതിമതിനുതലിങ്കൽ ചാന്തുപൊട്ടില്ല ;
കാതിൽ വൈരക്കമ്മലില്ല; കൈയിൽ മണിവളയില്ല;
കാലിലിളങ്കയിലൊലിപ്പൊൻ ചിലമ്പില്ല;
ഹാരമില്ല കഴുത്തിങ്കൽ; കാഞ്ചിയില്ല കടിയിങ്കൽ;
ഹീരരത്നഭൂഷയില്ല നാസികയിങ്കൽ;
ഒട്ടുമൊരു പൊൻനൂക്കിൻ തൊട്ടുതെറിപ്പേററിടാതെ
കെട്ടുമിന്നും കഴുത്തുമായ് കേവലമയ്യോ!
അരിയ തൻ മലർമെയ്യിലതിന്നേതുമിണങ്ങാത്ത
വെറുമലവലപ്പഴന്തുടവ ചുററി
പാട്ടിൽ ചിന്താനിമഗ്നയായ് ഉമ വാഴ്വൂ മുഖം താഴ്ത്തി
യേട്ടുകേറി ഗ്രസിക്കുന്നോരിന്ദിരപോലെ.
ചരിതാർത്ഥനായി ഭക്തൻ; തനതോമൽത്തനയയിൽ
പരിപൂർണ്ണപ്രത്യയത്താൽ പ്രസന്നനായി;

Digitized By Kerala Sahitya Akademi

“കൺകുളിർപ്പിച്ചിയലുമിക്കാഴ്ചയാൽ ഞാൻ ജയി-
[ക്കുന്നേൻ
എൻകുലത്തിൻ മുത്തുനന്മയ്ക്കിടിവില്ലിന്നും.
ഭാമയെന്റെ പൈതലല്ലേ? ഭാഗധേയത്തിടമ്പല്ലേ?
പാമരൻ ഞാനവളിലല്ലോ പാതകമോതി ?
ഭാമേ! നിന്നെബ്ഭജിക്കട്ടെ ഭാവുകങ്ങൾ.” എന്നു
[ചൊന്നാൻ;
ഭാമയതു പാതികേട്ടു; പാതികേട്ടില്ല.
ജനകനും നടകൊണ്ടാൻ ചിബുകത്തിൻ വെളുപ്പിന്നു
പുനരുക്തിയരുളുന്ന പുഞ്ചിരിതൂകി. 144

## VIII

വരനുടൻ വന്നുചേർന്നാൻ; വനിതമാർമണിപ്പൂൺപിൻ
പരവശനില കണ്ടാൻ; പരിതപിച്ചാൻ.
“കരഞ്ഞാളിന്നലെ രാവിൽ കരംനൊന്തെൻകളവാണി;
പരമാർത്ഥമെന്നിൽ നിന്നു മറച്ചുവച്ചാൾ.
നളിനാക്ഷി പൂണ്ടിരുന്നാൾ നവവധൂചിതവേഷം ;
കുളിരെനിക്കരുളിനാളകതളിരിൽ.
പേർത്തുമിന്നാമട്ടുവിട്ടെൻ പ്രമദാ മരുവുന്നു
ബൗദ്ധസംഘാരാമത്തിലെബ്ഭിക്ഷുണിപോലെ.

Digitized By Kerala Sahitya Akademi

മതിഭ്രമമുദിക്കയോ ? മറുത താൻ ഗ്രഹിക്കയോ ?
പതിയുടെ ചിത്തവൃത്തി പരീക്ഷിക്കയോ?
എന്നു ചിന്തിച്ചമ്പരക്കും തൻപ്രിയനോടോതി ഭാമ;
"സുന്ദരമോ ദയിതനിശ്ശൂദ്രമാം വേഷം ?"
"എന്തു ചോദ്യമിതു ഭാമേ ? നിൻ പ്രിയൻതൻ വധു
[നീയോ?
നിൻ തുകിലോ ? നിന്നണിയോ ? നിൻ തിലകമോ ?
ശങ്കയെന്തിന്നത്തരത്തിൽ ? തത്ത്വമോർക്കു ! ഭവതിക്ക
തങ്കമേ ! ഞാനെന്നുമെന്നും ദാസാതിദാസൻ.
തന്വി ! നിൻ നിരാഭരണസുന്ദരമാം തനുവിതു
മുന്നിലേററം ദയിതനു മോഹനമല്ലീ ?"
എന്നുരച്ചൊരുമ്മവച്ചാൻ പങ്കിലമാം തന്മുഖത്തിൽ;
തന്നുടയ ചൊടി കൈയാൽ തുടച്ചാൻ പിന്നെ.
അതിനൊന്നും മറുപടിയളിവേണിയരുളാതെ
മുഗ്ദ്ധമന്ദസ്മിതസിത വിതറി നിന്നാൾ.
ആയിരവുമപ്പുറവും ചിന്തയവൾക്കുള്ളിലേററി-
യായിരവും ചെന്നുപററിയഹർമ്മുഖത്തിൽ. 68

## IX

അത്തരുണിയെത്രമാത്രമാതിഥേയിയെന്നുകാണ്മാ-
നസ്തമനസന്ധ്യയന്നു [illegible]ത്തി.

Digitized By Kerala Sahitya Akademi

ജായയും താൻ; പുത്രിയും താൻ; വേണ്ടതെന്തെന്നങ്ങ-
[മിങ്ങ-
മുയലാടിക്കളിക്കയാരണ്യമലാരങ്ങളും.
പതിയുടൻ വന്നുചേർന്നാൻ; പടുവൃദ്ധൻ ജനകനും,
പ്രതിപത്തിവിമൂഢൻ, തൽപരിസരത്തിൽ.
ഭൃശമവർ മൂന്നുപേരും വിശദമായ് കേൾക്കുംവണ്ണ-
മശരീരിവാക്കൊന്നപ്പോളവതരിച്ചു.
"ഹീരമത്തി! ഹീരമത്തി! ഹീനമിന്നിൻ വ്യവസായം;
നീരലർമിഴിയിവളിൽ നീതികേടില്ല.
നിൻെറ ലോകപരീക്ഷയും നിഷ്ഫലമായ്ത്തീർന്നു-
[വല്ലോ,
ഹന്ത! നീ നിൻ പൂർവ്വവൃത്തം മറന്നുവല്ലോ.
ഒരു മതിമുഖിയാളെസ്സധർമ്മിണിയാക്കിയോൻ നീ;
തരുണിമക്കളിപ്പൊയ്ക തരണം ചെയ്തോൻ.
എത്രമട്ടിൽ നിൻപ്രിയയെയന്നു കാണ്മാൻ കൊതിച്ചു
[നീ;
എത്രമട്ടീലവരം നിനക്കന്തിയിൽ മേവി ?
സ്മൃതിധർമ്മം നരഷ്ഠത്തു ശരിവരയ്ക്കനുഷ്ഠിച്ചാൽ
മതി, യന്നു മഹിയിലീട്ടു പകതിനാകം.
തക്ക മാറിത്തോടയാവാം; തോട മാറിക്കമ്മലാവാം;
അക്കണക്കിൽ വരും മാററമല്ലവിഷയം,

Digitized By Kerala Sahitya Akademi

കാതണിയാൽ മുഖത്തിന്നു കാന്തിയേറുമെന്ന തത്വ-
മാദരിപ്പൂ പണ്ടുമിന്നും ജായാപതിമാർ.
"അലങ്കൃതിയാം സദാ ദാരംപ്രതി!" യെന്ന
പഴയ സദുപദേശമാപസ്തംബോക്തം.
അണിയണം പൂമാനെന്നായരുളിനാനമ്മഹർഷി;
വനിതതൻ കഥയുണ്ടോ വചിപ്പാൻ പിന്നെ ?
പഴയതു പുകഴ്ത്തുന്നു; പുതിയതു പഴിക്കുന്നു;
പഴയതും പുതിയതുമറിഞ്ഞിടാത്തോർ.
പഴയതു മരാമര,മിടയിലേതിത്തരംകണ്ണി;
പഴയതു കമർപ്പററാൽ പുതിയതായി.
പരസ്വം താൻ കുലകന്യ; ജനിതാവിന്നധികാരം
പരിണയമാത്രമല്ലോ താൻ നിജസുതയിൽ.
വെണ്മതിയും യാമിനിയും വേളികഴിഞ്ഞൊന്നുചേർ-
ന്നംബരത്തിൽ വാഴ് വീലക്കണ്ടവിചിത്ര്യവേളി.
ന്യൂനമവരേതുവിധം ലോകയാത്ര ചെയ്യുമെന്നു
താനുള്ളിഞ്ഞു നോക്കുന്നീലസ്സുഹൃസ്സ്വപാദൻ.
ഇന്നലത്തേട്ടിനം തൻെറ സന്തതിയാമിട്ടിനത്തെ-
ത്തന്നരികിൽ വളർത്തുകിൽ താഴ്ചം തരംതാം.
ദിനന്തോറുമുദയത്തിൻ ദിനകരനുണരുന്ന
ജനതയിൽ നവാദർശം ജനിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

ജീവനററ വകമാത്രം ചീഞ്ഞുമണ്ണിലടിയുന്നു ;
ജീവനുള്ളതശേഷവുമുൽഗമിക്കുന്നു.
ഹരിദ്വാരത്തിങ്കൽ ഗങ്ഗയൊരുമട്ടിലൊഴുകുന്നു ;
പരിചിൽ മറെറാരു മട്ടിൽ പ്രയാഗത്തിങ്കൽ ;
പലശാഖാനദികളാം സഖികൾ തൻ സമാഗമ-
മലമതിന്നകവിരിവരുളീടുന്നു.
പേർത്തും പച്ചപ്പട്ടുടുക്കും യൌവനത്തിൽ പിലാവില
വാർദ്ധക്യത്തിൽ മാത്രം ചാർത്തും കാഷായം മെയ്യിൽ.
"തീർന്നിടേണമീക്ഷണത്തിൽ നീയുമെന്നോടൊപ്പ-" [മെന്നു
ശീർണ്ണപർണ്ണമോതുന്നീല പല്ലവത്തോടായ്.
കാലനേറും കരാളമാം കരിമ്പോത്തിൻ കഴുത്തിലേ
ഘോലഘണ്ടാരവമല്ലീ ഭദ്ര ! നീ കേൾപ്പൂ.
ഹാ ! മറെറന്തു ചെവിക്കിമ്പം നിനക്കിപ്പോൾ നിൻ- [കിടാവിൻ
കോമളകൈത്തരിവളക്കിലുക്കമെന്യേ?
ഏതുപുരുഷാന്തരവുമായതിൻെറ യോഗക്ഷേമം
സാധിക്കുകിൽ മതി; ഭാവി ഭാവിയെക്കാക്കും.
ബന്ധിക്കൊല്ലേ നാമിന്നത്തെക്കൈയാമത്താൽ നമ്മു- [ടെ
സന്തതിയെസ്സംവത്സരാദിത്യോദയത്തോളം.

Digitized By Kerala Sahitya Akademi

ന്യൂനമയഞ്ഞത്തു പൊട്ടും സ്യൂത്തത്തുണ്ടായ്‌കേറനാളി,-
ലാസ്യശംസ്യവ്രതമല്ലീ കാലം ചരിപ്പൂ?
പരിണാമകങ്ങളാകും പരിതഃസ്ഥിതികൾക്കൊപ്പം
പരിപാടി ലോകമെന്നും പരിഷ്കരിക്കും.”
ഈ മാതിരി വചസ്സിനാൽ ഭാമ, തൻെറ സുതയല്ല,
ജാമാതാവിൻ പ്രിയയെന്നു ധരിച്ചനേരം
പഴയതിൻ ശത്രുവല്ല പുതിയതെന്നുള്ള തത്വം
കിഴവന്നു ബോദ്ധ്യമായി ; സുഖവുമായി.
കാലദേശോചിതമാകും കർമ്മാദ്ധ്വാവിൽ സഞ്ചരി-
[ച്ചോർ
ശ്രീലരാമഭട്ടദമ്പതിമാർ ശീലനിധിമാർ. ൨൩൬

Digitized By Kerala Sahitya Akademi

# "മാറ്"

I

"ഹോയി ഹോയ് ഹോയ്" എന്നൊരാളാട്ടുന്നു
[വഴിക്കനി;-
ന്നായത്തു ചെവിക്കൊൾവീലാഗമിപ്പവനന്യൻ.
"മാറെടാ തീണ്ടാപ്പാടിനപ്പുറം ; ചണ്ഡാലൻ നീ ;-
യാരണാൻ ഞാൻ" എന്നവൻ പിന്നെയും തകർക്കുന്നു.
ശ്രീകാശിയാണസ്ഥലം ! ഭിക്ഷുവാണതോതുന്നോൻ !
പോകയാണുഷസ്സിങ്കൽ ഗംഗയിൽ സ്നാനത്തിനായ് ॥
സാമാന്യനല്ലപ്പുമാൻ, സർവ്വജ്ഞൻ, ജിതേന്ദ്രിയൻ,
ശ്രീമച്ഛങ്കരാചാര്യരദ്വൈതവിദ്യാഗുരു.
ആയവൻ തർജ്ജിപ്പതോ ലോകബാഹ്യനാമൊരു
നായാടി-ധർമ്മാഭാസം നായാട്ടും വനമൃഗം.
ദുസ്ത്യജം കൂടപ്പിറപ്പായിട്ടും ജാതിദുർബ്ബോധമു-
ള്ളത്രമേൽ തനിക്കതാൻ പോന്നോരാം മഹാന്മാർക്കും.

II

പുഞ്ചിരിക്കൊണ്ടാവാക്കിന്നുത്തരം ചൊന്നാൻവന്ന
പഞ്ചമൻ: "ജാതിപ്പിശാചങ്ങളെയും വിട്ടീലല്ലോ! 12

Digitized By Kerala Sahitya Akademi

തീണ്ടലോ പരിവ്രാട്ടേ! ജീവിയെജ്ജീവിക്കെത്ര-
യാണ്ടുപോയ് ഹാ ഹാ! ലോകമജ്ഞാനച്ചുഴിക്കുണ്ടിൽ!
ഞാനൊന്നും ധരിക്കാത്താനെങ്കിലും ചോദിക്കട്ടെ-
മാനുഷൻ ദേഹത്തിങ്കൽ ദേഹിയെപ്പൂണ്ടോനല്ലീ ?
ഈ രണ്ടിൽ തീണ്ടേതിനു ? പാഞ്ചഭൗതികം ദേഹ-
മാരണന്നൊപ്പം തന്നെയന്ത്യജനുള്ളോന്നല്ലീ ?
താനൊററക്കുഴക്കുഴിമൺകുഴച്ചല്ലീ തീർപ്പൂ
മാനുഷർക്കശേഷവും ലോകകർത്തൻ കളേബരം ?
പെററിടുംമുൻപൊന്നുതാൻ ; ചത്തിടുംപിൻപൊന്നു [താൻ
മുററുമിമ്മണ്ണൊക്കെയും ; തീണ്ടലേതിടയ്ക്കീതിൽ ?
ദേഹിക്കോ പിന്നെത്തീണ്ടൽ ദേഹിയെ? ബ്ഭേദാ- [തീത-
മേകമദ്വയം ദേഹിയെന്നല്ലീ വേദാന്തോക്തി ?
കതിരോൻ സുരയിലും സുരനിമ്നഗയിലും
പ്രതിബിംബിക്കുന്നില്ലേ സമമായ് സമദർശി ?
ആരെയാക്കപ്പോൾ തീണ്ടലേതുപാധിയാൽ ? നമ്മ-
ളൗരസാത്മജരല്ലീ ഭൂദേവിക്കഖിലരും ?
മൗലികമാമിത്തത്ത്വമോർക്കാതെയല്ലീ ദേവൻ
ബാലിശം 'മാ' റെന്നുള്ള വാക്കൊന്നോതുവിക്കുന്നു ?

Digitized By Kerala Sahitya Akademi

അങ്ങനെ മറന്നുപോയ്-കാശിയെ--ജ്ജാതിഭ്രാന്തിൽ-
ഗംഗയെ—സ്സാക്ഷാദ്വിശ്വനാഥനെ—പ്രേമത്തിനെ.
തഞ്ചത്തിലങ്ങൊന്നൊരിസ്സന്ന്യാസിവേഷം കണ്ടു
പുഞ്ചിരിക്കൊരുവു കാലം പുലരിവ്യാജത്തിനാൽ." 36

## III

വൈമല്യം വാച്ചീടുമാവ്യാധൻ തൻ വാക്യം പാഞ്ഞു
വാർമെത്തും ഗങ്ഗയ്ക്കൊപ്പം ഭിക്ഷുവിൻ മനക്കാമ്പിൽ.
കോപമാം ചെന്തീ കെട്ടു; മോഹമാം ധൂമം നീങ്ങി;
താപസശ്രേഷ്ഠൻ വീണ്ടും സ്വസ്ഥനായ് ശമാധീനൻ.
ഓർക്കയും ചെയ്താൻ: "ഹാ ഞാനെന്തയ്യോ പുലമ്പിനേൻ
മൌർഖ്യത്താലിസ്സിദ്ധന്റെ മാഹാത്മ്യം ഗ്രഹിക്കാതെ?
പൊൻമേഘത്തലയ്ക്കുമേൽക്കാക്കതൻ കാഷ്ഠം വീഴാം;
നിമ്നമാം ഖനിക്കകം ഹീരവും വിളഞ്ഞിടാം.
താർമകൻ തൻകൈക്കുള്ളി കണ്ടതാർ? പൊഴിക്കുന്നു
നാന്മറപ്പൂന്തേൻമാരി നാവിനാൽ നായാടിയും.
കൌശികദ്വിജാഹന്താഹന്താവാം ധർമ്മവ്യാധൻ
വ്യാസനാൽ പ്രകീർത്തിതൻ; തദ്വംശമേതദ്വംശം.

Digitized By Kerala Sahitya Akademi

എന്നെയും സമ്പൂർണ്ണനായ്ത്തീർക്കുവാനിദ്ദേഹത്തിൻ
സന്നിധാനത്തെദ്ദൈവം കല്പിച്ചാൽ തെറ്റെന്തതിൽ ?"
ഇത്തരം ചിന്തിച്ചോതി വീണ്ടുമപ്രജ്ഞാശാലി:
"സത്യംതാൻ ഭവദ്വാക്യം സർവ്വവും മഹാത്മാവേ !
ആവതും യോഗസ്ഥനായ് വാഴ്കിലും കൂടെക്കൂടെ-
ദൈവം ഞാൻ സ്ഖലൽപദൻ മർത്ത്യനെന്നോർപ്പിക്കുന്നു
അങ്ങയെദ്ദർശിച്ചാവാമെൻശാപവിമോചന-
മങ്ങേക്കൈക്ക തൊട്ടിട്ടാവാമെൻ ദതരിൻ പുരോഗതി.
വൈശസം ചെയ്സ്ഥനല്ലോ ഞാനങ്ങേയ്ക്കന്തേവാസി ;
യാചിപ്പൻ ക്ഷമാഭിക്ഷ—യായതെൻ യതിവ്രതം.
എങ്ങുമിച്ചരാചരബ്രഹ്മാണ്ഡഭാണ്ഡത്തിങ്ക-
ലങ്ങയെക്കാൾ മറ്റാരെന്നദ്ധ്യാത്മവിദ്യാചാര്യൻ.
പൂജ്യപാദനായുള്ള ഗോവിന്ദഗുരുവോടും
പ്രാജ്യമാമീവിദ്യ ഞാൻ പാതിയേ പഠിച്ചുള്ളു.
അങ്ങുതാൻ തദ്ഗ്രന്ഥശിക്ഷകൻ—യാവജ്ജീവ-
മങ്ങയ്ക്കൂൻ സഭാജനമദ്വൈതപ്രവക്താവേ !"

---

*'അന്തേവാസി' എന്ന ശബ്ദത്തിന്നു നിഷാദനെന്നും അർത്ഥമുണ്ട്.

Digitized By Kerala Sahitya Akademi

എന്നുരച്ചവൻ ചൊല്ലി പഞ്ചകം മനീഷാഖ്യം
പിന്നത്തെ സംസ്കൃതഭാഷ്യമന്ത്രത്തിൻ പ്രണവമായ്.
അന്നമന്ദാനന്ദാശ്രുമഗ്നനാമാചാര്യന്റെ
പുണ്യമാം ഗംഗാസ്നാനം പുനരുക്തമായ്ത്തീർന്നു. 68

## IV

അബ്ദമെത്രയോ പോയി ഭിക്ഷുവും നായാടിയു-
മിത്തരം സംഭാഷണം ചെയ്തുകന്നതിൽപ്പിന്നെ.
ധാത്രിയെന്തതിൻ പൊരുളെന്നിന്നും ധരിപ്പീല ;
ധാത്രിതന്നുറക്കപ്പാട്ടായതിന്നീയോഗപാഠം.
പങ്കമറവുണ്ടായ്പോലും ഭാരതോർവിയിൽപ്പണ്ടു
ശങ്കരാചാര്യർക്കൊരു ചണ്ഡാലമഹാചാര്യൻ :—
എന്നതാണീയൈതിഹ്യമർത്ഥവാദാകാരത്തിൽ-
പ്പിന്നാളിൽ സത്യാസത്യമെന്തതിൽച്ചേർന്നീടിലും.
എന്താവാമിതിൻ സാരം ? സംഭൃതനെന്നായ്വരാം
മന്താവാം മഹാനേകൻ മാതംഗവംശത്തിങ്കൽ.
ചേണെഴും ശ്രീകാശിയിലക്കാലമാടിപ്പാടി
തൂണിലും തുരുമ്പിലും ശ്രുത്യന്തസരസ്വതി ;
അദ്ദേശപ്രാന്തത്തിങ്കൽ വാണിടും വ്യാധൻപോലു-
മദ്വൈതജ്ഞാനം നേടിജ്ജീവന്മുക്തനായ്ത്തീർന്നു

Digitized By Kerala Sahitya Akademi

ഉപരിഗ്രന്ഥങ്ങൾതൻ പഠനംകൊണ്ടല്ലാതെ-
യപരോക്ഷാനുഭൂതി വരികില്ലെന്നില്ലല്ലോ.
ശുദ്ധനാം ശൂദ്രഹത്തിൻ മുന്നിൽ— എന്തായതാം ?—ഒരു
പുസ്തകം തിന്നും പുഴു പൂജ്യനാം ജഗൽഗുരു!
ആപശ്യൻ തപസ്വിയാമന്നിഷാദനെപ്പററി
രാജാവിൻ മുന്നിൽക്കടന്നാക്രോശം തുടങ്ങീല;
ജ്ഞാനമെങ്ങങ്ങോ മേന്മ, ജാതിക്കോൽ കൊണ്ടല്ലതിൻ
മാനമെന്നോതിയങ്ങോട്ടു കൈകൂപ്പിയത്രേ നിന്നു.
ആത്മജ്ഞനാമാവ്യാധനാചാര്യഗുരുവെങ്കി-
ലാത്മജ്ഞാനാപ്തിക്കുള്ള തടസ്സംസ്പൃശ്യപാത്രതയാം ?

V

ഞാനറിഞ്ഞിട്ടുണ്ടു ചണ്ഡാലനല്ലപ്പുമാൻ
ദീനബാന്ധവൻ ശിവൻ താനെന്ന ജനശ്രുതി.
ശങ്കരൻ ബ്രഹ്മജ്ഞാനി കണ്ടിരുന്നീടാം സാക്ഷാൽ-
ശങ്കരൻതൻ രൂപത്തിലപ്പോളന്നിഷാദനെ.
തന്നെപ്പോൽ ചരാചരം സർവവും കാണ്മാനുള്ള
കണ്ണുള്ളോൻ 'ശിവോഽഹ'മെന്നോതുവോനാണമ്മഹാൻ ;
ആകയാലമ്മട്ടവൻ വ്യാധനെ ഗിരീശനാ-
യാലോകിച്ചിരുന്നിടാമദ്ദിവ്യക്ഷണത്തിങ്കൽ.

Digitized By Kerala Sahitya Akademi

അല്ലെങ്കിൽ ഗംഗാധരൻ തന്നെ തൽപുരോഭുവി-
ലുല്ലസിച്ചതാകട്ടെ, യെങ്കിലും തെറ്റെന്തതിൽ ?
എന്തിനായ് വിശ്വശാശരന്നപ്പരിവ്രാട്ടിൻ മുന്നി-
ലന്ത്യജൻതൻ വേഷത്തിലാഗമിക്കുവാൻ തോന്നി ?
വണ്ണിയായ് വരാം പണ്ടു ഗൌരിതൻ സമീപത്തി-
ലെന്നമ;ട്ടതല്ലല്ലോ ചെയ്തതദ്ദ്വായാസിദ്ധ.
ക്ഷത്രിയൻ കിരീടിതൻ ദോർമ്മദം ശമിപ്പിച്ച
ലുബ്ധകൻ വേണം, വിപ്രൻ 'കൈപ്പുള്ളി'ക്കാന്ധ്യം
(നീക്കാൻ.
"ആദ്യനാമെൻവത്സ! കേൾ; ലോകമാം നിശ്രേണിതൻ
ചോട്ടിലുണ്ടൊട്ടേറെപ്പേരെൻരൂപം ധരിപ്പവർ.
നിങ്ങൾതൻ സംവാദത്തിലന്ത്യജർ—സാധുക്കളാ-
മെൻകടക്കിടാങ്ങൾ—ഞാൻ പ്രത്യേകംപോറ്റേണ്ടവർ.
എത്രമേൽ ബ്രഹ്മസൂത്രഭാഷ്യം നീ നിർമ്മിക്കിലു-
മെത്രമേൽ സർവജ്ഞപീഠാരൂഢനായിടിലും
ഇക്കിടാങ്ങളും നിന്റെ സോദരന്മാരെന്നോർത്തേ
ശക്യമായ്ത്തീരൂ നിനക്കെൻ പദം പ്രാപിക്കുവാൻ.
ഇക്കാര്യം കഥിക്കുവാനിമ്മട്ടിൽ വന്നേൻ" എന്നാം
ചിൽക്കാതലാചാര്യന്നു നൽകിയോരുൽബോധനം.

Digitized By Kerala Sahitya Akademi

തൻനായ്ക്കു തന്നോടൊപ്പം കേറിടാൻ പാടില്ലാത്തൊ-
രന്നാകമാശിപ്പീല താനെന്നാൻ യുധിഷ്ഠിരൻ.
നമ്മളോ മന്നിൽത്തന്നെ നമ്മൾതൻ ഭ്രാതാക്കളെ-
ധർമ്മത്തിൻപേരിൽത്തള്ളിയോട്ടപ്പോരദൈവതികരം!
ആകവേ നരബലി ജാതിയാം പിശാചിന്നു
ഹാ! കോടിക്കണക്കിന്നു നൽകുവോരഹിംസകർ!!
'മാ'റെന്നു നാമിന്നോതും വാക്കു നാം നാളെക്കേൾക്കും
നൂറുനൂറിരട്ടിച്ചു നാകത്തിൻ ദ്വാരത്തിങ്കൽ.
മുറ്റുമേ ലോകാചാര്യൻ ശങ്കരൻ പോലും ചൊല്ലി-
ത്തെറ്ററ്റ വാക്കാണാവാക്കെന്നു നാം മറക്കൊല്ലേ! 128

Digitized By Kerala Sahitya Akademi

# ഭാവനാഗതി

വാനത്തു വാർതിങ്കളുയർന്നുയർന്നു
പാരത്രയം പാൽക്കടലാക്കിടുന്നു;
അതിങ്കലാറാടിയനേകലോക-
രാനന്ദപീയൂഷമശിച്ചിടുന്നു. 1

ഊണും കഴിഞ്ഞപ്പൊഴുതുമ്മരത്തി-
ലുലാത്തി നിൽക്കുന്നു യുവാവൊരുത്തൻ;
തൻകൈയണിക്കുഞ്ഞിനവന്റെ തയ്യൽ
താലോലമേകുന്നു സമീപമെത്തി. 2

ചിരിച്ചിരുന്നോരു കിടാവു തെല്ലു
ചിണുങ്ങി വെൺതിങ്കളെ നോക്കിനോക്കി;
അച്ഛന്നുമമ്മയ്ക്കുമടുക്കൽ വേണ-
'മമ്മാവനും'; കൊച്ചിനതാണു മോഹം. 3

കടുത്തു ചൊന്നാൾ കല്യാണി: "ഏന്റെ
കൈവല്യവിത്തേ! കവിവാക്കു കേൾക്കൂ!
'കരത്തിൽ വേണം ശശിയെന്നു ബാലൻ
കരഞ്ഞുകൊണ്ടാലെടുതന്നകൊള്ളും.' 4

Digitized By Kerala Sahitya Akademi

അകത്തുപോകാം, മത്മതന്നോടിമ്മ-
ട്ടലട്ടു''ലെന്നമ്മടവാർ ചൊടിച്ചു;
''അമ്മേ! വരില്ലമ്പിളി കൈവരാതെ-
യങ്ങോട്ടു ഞാ''നെന്നവനും ശഠിച്ചു. 5

കാർവേണിതൻ വാക്കവർ തൻ പ്രിയന്റെ
കർണ്ണങ്ങളൂടെ കരളിൽക്കടന്നു;
താതന്റെ കൺവണ്ടുകൾ മാറിമാറി-
ത്തൻകുഞ്ഞിലും ചന്ദ്രനിലും കളിച്ചു. 6

പഠിച്ചതാണക്കവിവാക്കു താനും;
പലപ്പൊഴും കേൾക്കുവതാണുതാനും;
എന്നാലുമന്നായതവന്റെ ഹൃത്തി-
ലേതോ വികാരത്തിനു വിത്തുപാകി.

കണ്ണീർപൊഴിക്കും ശിശുവിന്റെ നേർക്കു
കൈകൊണ്ടൊരോങ്ങോങ്ങി കയർത്തു നല്ലാർ;
'കാട്ടൊല്ല വിഡ്ഢിത്തര'മെന്നു ചൊല്ലി-
ക്കടന്നാത്തിങ്കൽപ്പിടികൂടി കാന്തൻ. 8

''താഡിക്കയോ കുട്ടനെ നീ? അതിന്നു
തായാട്ടവൻ കാട്ടിയതാരൊടാവോ?

Digitized By Kerala Sahitya Akademi

മാഴ്കുന്നവെന്നോ മതിയെക്കൊതിച്ചു ?
മറെറന്തിലെന്നോമന തേറുകാരൻ ? 9

അന്തിക്കണഞ്ഞതമ്പിളി വിശേഷമിമ്മ-
ട്ടാകർഷണം ചെയ്‌വതനീതിയല്ല !
അതിൻെറ ശക്തിക്കടിമപ്പെട്ടന്നൊ-
രാരോമലെൻ കുഞ്ഞപരാധിയാംപോലും ! 10

ആകാശഗംഗയ്ക്കകമേ കരത്താ-
ലാരി വെള്ളത്താമ്പൽ വിടർത്തിടുന്നോൻ ;
ആത്തിങ്കളല്ലീ പിഴയാളി— വത്സ-
ന്നക്ഷിഭയം നൽകിയൊരാളിദ്ദേവൻ ? 11

ചരിപ്പതെങ്ങമ്മതി;യങ്ങനിന്നെൻ
തങ്കക്കുടം ധാത്രിയിൽ വന്നിരിക്കാം ;
അവൻെറ കൃത്യങ്ങൾ കഴിച്ചു വീണ്ടു-
മങ്ങോട്ടു പോകുന്നതുമായിരിക്കാം. 12

പ്രാശിച്ചുവോ രോഹിണിതൻമുലപ്പാൽ
പണ്ടെൻെറ കുട്ടൻ വിധുമണ്ഡലത്തിൽ ?
വാരിക്കളിച്ചോ ബുധനോടുകൂടി
വാനപ്പുഴത്തുമണൽ ? ആരു കണ്ടു ! 13

Digitized By Kerala Sahitya Akademi

ഹാ! നാം നിനയ്ക്കുംവിധമിക്കിടാവി-
നജ്ഞാതനല്ലമ്പിളി, യായിടേണം;
മുഴക്കെയെൻ പൈതലിനുള്ളിൽനിന്നു
മുജ്ജന്മബന്ധസ്മൃതി മാഞ്ഞിടേണം. 14

ആ വേഴ്ച ശീതാംശു മറന്നിരിക്കാം;
അല്ലെങ്കിലെന്തിത്ര വരാനമാന്തം ?
അധഃപതിച്ചാൽ സ്വജനങ്ങളേയു-
മത്യുച്ചരാവോരറിവീലതന്നെ. 15

അല്ലെങ്കിലും മംഗലദേവതയ്ക്കു
കൂടെപ്പിറപ്പാം കുളിർതിങ്കളിങ്കൽ
ആ ശാങ്കരം വായ്പതിനാരെയാക്കി
കററപ്പെടുത്താനധികാരമുള്ളു ? 16

ആശിക്ക ! സൃഷ്ടിക്കു ജഗൽപിതാവു-
മാശിച്ചുവെന്നായ് * ശ്രുതിപൊങ്ങിടുന്നു ;
നരന്നു തൻ ജീവിതമാശ, മൃത്യു
നൈരാശ്യമെന്നാണഭിയുക്തവാക്യം. 17

*"സോകാമയത, ബഹുസ്യാം പ്രജായേയേതി" [തൈത്തിരീയോപനിഷത്.]

Digitized By Kerala Sahitya Akademi

അഹോ! നികൃഷ്ടം തൃണവും വെറുക്ക-
മാദർശസൌഭാഗ്യമകന്ന ജന്മം;
അതല്ലയല്ലോ നിലയെൻ കിടാവി-
ന്നവന്റെ മാർഗ്ഗങ്ങൾ ശിവങ്ങൾ തന്നെ. 18

വിളക്കിലല്ലെൻ ശിശുവിന്നു വാഞ്ഛ;
മിന്നാമിനുങ്ങിൻ നിരയിങ്കലല്ല;
താരോൽകരത്തിങ്കലുമല്ല; സാക്ഷാൽ
ചന്ദ്രങ്കൽ—ഉമ്പർക്കമൃതൂട്ടുവോൻകൽ! 19

അത്യുച്ച മത്യുച്ച, മവന്റെ ജന്മം;
അത്രയ്ക്കു മേന്മയ്ക്കുവനർഹനല്ലീ?
ആക്കംകനിഞ്ഞുത്തരമാശനൽക-
മാദർശസമ്പത്തഭിമാനമല്ലീ? 20

ആശപ്പെടുന്നോൻ വ്യവസായശാലി;
അധ്യാനശീലൻ ഫലമാസ്വദിപ്പോൻ;
ആശിച്ച നാം ജന്മമവന്ധ്യമാക്കാം;
ആശയ്ക്കുതാൻ ചോദഖിലാർത്ഥസിദ്ധി. 21

അത്യുൽക്കടാശാഫലമായ് ജഗത്തി-
ലണുക്കളുർവ്വീശ്വരരായിടുന്നു;

Digitized By Kerala Sahitya Akademi

ആശിപ്പതെന്തി,ന്നതു നാളെ നേടാ-
മപാവൃതം മര്‍ത്ത്യനതിന്‍ കവാടം. 22

ഇന്ദുക്കളോരോ ശതകത്തില്‍ നമ്മള്‍-
ക്കിന്നുള്ള സമ്പത്തുകള്‍ മിക്കവാറും;
ഏകാന്തമായ് മാനുഷനീട്ടു വച്ചാ-
ലേതിന്ദു തല്‍കന്ദുകമിന്നമാകാ ! 23

അഹോ ! ജയിക്കുന്നു ചെറുപ്പ—മാത്ര
മസാദ്ധ്യമെന്തെന്നറിയാത്തകാലം,
അശക്യ മര്‍ത്ത്യന്നതിരിട്ടിടേണ്ടോ-
രാവശ്യമില്ലാത്ത ദശാവിശേഷം. 24

അസാദ്ധ്യം— ആ വാക്ഫലകത്തിലാദ്യ-
മാത്മാവസാദപ്രദമാരുരച്ചു;
അവന്റെ നാവാമസിയേററു മര്‍ത്ത്യ-
നാലസ്യകൂപത്തിലധഃപതിച്ചു. 25

അസാദ്ധ്യം! —ഇസ്സൂസ്തിസിന്ധുവിമ്മ-
ട്ടാംകല്പകാലം പ്രവഹിച്ചിടുമ്പോള്‍;
തപിച്ചു നീര്‍ത്തുള്ളിയുമാവിയായി-
ത്താരാപഥത്തോളമുയര്‍ന്നിടുമ്പോള്‍; 26

Digitized By Kerala Sahitya Akademi

സച്ചിന്മഹസ്സോട്ടമരക്ഷണത്തിൽ
സായൂജ്യമേല്പാൻ കഴിവുള്ള മർത്ത്യൻ
അവന്റെ വീഴ്ത്തും ഗ്രഹിയാതെയെന്തി-
ന്നബദ്ധ,മപ്പല്ലവിയാലപിപ്പൂ ?
(ശുശ്മകം) 27

എങ്ങോ കിടാവേ ! ശരി നീ കൊതിപ്പ-
തേണാങ്കബിംബം കരതാരിലാവാൻ.
ആയാലുമാകായ്കിലുമെന്തു ? നിന്നി-
ലററംവരെയ്ക്കക്കൊതി നിന്നിടട്ടെ. 28

പരസ്വമാകേണ്ടതുമായതും നീ
പാടില്ല കാമിപ്പതു; പാപമാകാം;
ആർക്കുള്ള വിത്തം ശശി? ആരവങ്ക-
ലത്ത്യംശയാന്നാലപരാധിയാവോൻ ? 29

സൽകർമ്മനിശ്രേണി ചമച്ചതിങ്കൽ
'ഛാന്ദോഗ്യർ' കാണിച്ച വഴിക്കുകേറി
ചന്ദ്രങ്കലെത്താമൊരുനാൾ ശശിക്കെൻ
തങ്കത്തിനൊററസ്തുതകം കഴിഞ്ഞാൽ. 30

---

ഛാന്ദോഗ്യോപനിഷത്തിലെ ധൂമമാർഗ്ഗം.

Digitized By Kerala Sahitya Akademi

അല്ലെങ്കിൽ വെഞ്ഞ ... ന്ത്യസ്ത്രരേക-
മാകാശയാനം വഴി പ ... ാസൻ
സജീവനായ്ച്ചന്ദ്രൻ കൈക്കൊ കാട്ടക്കാം
ശക്രൻ പകച്ചുഗ്ഗതി കണ്ടുനിൽക്കെ 31

അതല്ലയെന്നാലവരോതമാക-
മാചാരമാമെന്നരിമക്കിരേശാരൻ
പ്രശസ്തനാകെ, പ്രകടീഭവിക്കാം
പാരിന്നു വേറിട്ടൊരു പാൎവ്വണേന്ദു. 32

അന്നന്നു ലോകത്തിന്നു വാച്ച താപ-
മന്നന്നു പോക്കുന്ന കരങ്ങളേന്തി
ഉദിച്ചിടാമുണ്ണിയിലൂഴിമാതി-
ന്നാമ്പ്പു കുളിൎപ്പിപ്പ നത്സുകതം. 33

വൈരം തമസ്സോടന്നോടിയന്നു, വക്ത്രം
മന്ദസ്മിതംകൊണ്ടു മനോജ്ഞമാക്കി,
ചരിച്ചിടാമേമന സൽപഥത്തിൽ
സമ്പൂൎണ്ണസൌഖ്യം സകലൎക്കുമേകി. 34

താൻ നേടിവെച്ചീടിന ചന്ദനത്തെ-
ത്താൻമാറിടത്തങ്കലണിഞ്ഞിടാതെ-

Digitized By Kerala Sahitya Akademi

അങ്ങുള്ള പാദേഴ്പ്പുറഴിയാതെ—മിന്നാ-
മപ്പു,ന്നതന്ന്യക്ഷഖിലക്ഷ്മമേകി. 85

മിഥ്യാഭിജാത്യക്കൂട്ടഗർവ്വമെല്ലാ
വിലങ്ങവെച്ചാലത്തു വെട്ടിമാററി
മകന്ന ചെല്ലാം മനതാരലിഞ്ഞു
മാടത്തിലും മാളികയിൽക്കണക്കെ. 86

മാസാർദ്ധമാർജ്ജിച്ച വസ്തുക്കൾകൊണ്ടു
മാസാർദ്ധദാനം പതിവായ് നടത്തി
ആചാര്യനാകാമഖിലർക്കുമുന്നി-
ക്കന്യാർത്ഥമുള്ളോരസ്സാധാരണത്തിൽ. 87

തനിക്കു പററും ക്ഷതിയിങ്കൽനിന്നു
തൻ പൗരുഷത്താലഭിവൃദ്ധി നേടി
താൻതന്നെ കാട്ടാം വ്യവസായബന്ധു
ദൈവത്തൊടെന്നും സഹശീർഷനെന്നായ്. 88

ധ്യാനിച്ചിവണ്ണം ശശിയെ ക്രമത്തിൽ
തദ്രൂപനായാൽ സമനം വരുമ്പോൾ
മറഞ്ഞിടാം വത്സര[illegible]ശതത്തു
മായാപ്പുകൾത്തിങ്കലു[illegible]ന്നിൽ നിർത്തി. 89

Digitized By Kerala Sahitya Akademi

വൻക്രൂരിങ്ങട്ടിൻ വദനത്തിൽ വീഴും
മത്ത്യവ്രജത്തിന്നു വലച്ചിൽ നീങ്ങാൻ
കനിഞ്ഞു കാട്ടും വഴി, മുന്നിൽനിന്നു
കല്പാന്തകാലംവരെയപ്രദീപം. 40

വിരിഞ്ചനും കാലവശൻ ജഗത്തിൽ
മിന്നാമിനുങ്ങിൻ കളി കാട്ടിനില്ക്കെ
എനിക്കു പോരേ ചരിതാർത്ഥനാവാ-
നെൻപുത്രനും പൌത്രനുമേവമായാൽ ! 41

കണ്ണീരു നീ വാർപ്പതു മേലിൽ നിന്റെ
കാര്യദ്രുമം കായ്പതിനായിടട്ടേ.
കരച്ചിലിക്കേൾപ്പതു നിൻജയത്തിൻ
കല്യാണശംഖധ്വനിയായ് വരട്ടെ, 42

കവേ! ശിശുക്കൾക്കടിശിക്ഷ നല്കാൻ
കല്പിച്ചൊരങ്ങെത്ര കഠോരചിത്തൻ!
താരും ചരൽക്കല്ലുമിണക്കി മാല
സരസ്വതിക്കങ്ങു ചമച്ചുവല്ലോ !!! 43

പ്രിയേ! നിനക്കുണ്ണികളെപ്പുലർത്താൻ
പിതാമഹൻ നല്കിന ബാഹുവല്ലി

Digitized By Kerala Sahitya Akademi

മകൻെറയീ മാന്തളിർ മേനിയിങ്കൽ
വജ്രായുധം പോലെ പതിച്ചിടാമോ ? 44
ചിന്തിച്ചുനോക്കൂ ! ദയിതേ നമുക്ക
തിങ്കൾക്കിടാവിച്ചെറുപൈതലല്ലി ?
ഇത്തിങ്കൾ നേടാൻ കൊതിപൂണ്ട നമ്മെ-
യീശൻ ഹനിപ്പാൻ തുനിയാത്തതെന്തേ ? 45
സത്താകമാശയ്ക്കു ഫലത്തെ നൽകും
സർവേശ്വരങ്കൽ സഖി ! വിശ്വസിക്കൂ !
തങ്കക്കുടത്തെസ്സുകമേന്ദുകേതി–
സമ്പന്നനാക്കൂ ! ചരിതാർത്ഥനാക്കൂ !" 46
ആനന്ദബാഷ്പപ്പുതുമുത്തുമാല-
യണിഞ്ഞ പോർകൊങ്കകളോടുകൂടി
മണാളനോതുംമൊഴി മങ്ക കേട്ടാൾ,
മാറത്തണച്ചാൾ, മകനെപ്പുണർന്നാൾ. 47
'നീയെന്തു കുഞ്ഞേ ! നിലവിട്ടൊതുങ്ങി
നിന്നമ്മ'യെന്നമ്മടവാശരയ്യും
'വെൽവൻ ശരിക്കാരെയു'മെന്നു ചൊൽവൂ
വെൺമുത്തൊളിപ്പുഞ്ചിരി തൂകി വത്സൻ. 48

Digitized By Kerala Sahitya Akademi

അ്ഭുത ! ജയിക്കായ് വരുമെൻ കിടാവി-
ന്നശേഷലോകത്തെയു’ മെന്നുചൊല്ലി
കനിഞ്ഞു ചുംബിപ്പൂ യുവാവവൻെറ
കുഞ്ഞിക്കവിൾത്തട്ടുകൾ നൂറുവട്ടം. 49

‘തഥാസ്തു’വെന്നായ് വിവിധാഗമങ്ങൾ
സമാശ്രയിക്കും ദ്വിജരോതിടുന്നു ;
ചന്ദ്രൻ നഭസ്സിങ്കലതൊക്കെ നോക്കി-
സ്സംകൃതമന്ദസ്മിതമാർന്നിടുന്നു. 50

Digitized By Kerala Sahitya Akademi

# അത്ഭുതമിത്രം

—

വിണ്ണാററിൻ വെള്ളത്തിനോടോതുന്നു ചാരായം :
"നിന്നിൽ നിന്നെൻ നിലയെത്ര മെച്ചം !
ആരെയും തീരാത്ത ദാഹത്തിൽ വീഴ്ത്തുവോ-
നാരെയും ഭ്രാന്തിൽ ഞാൻ മത്താടിപ്പോൻ.
നിന്നെക്കൊണ്ടെന്താവും ?" മൂകമാം ഗംഗാംബു
കണ്ണുനീർ തൂകുന്നു കാരുണ്യത്താൽ.

*　　　*　　　*

സാധ്വിയോടോതുന്നു ധൂളിപ്പെ"ണ്ണെന്നെ നീ
പാർത്തുവോ? ഞാനെത്ര ഭാഗ്യമുള്ളോരാം !
എത്ര പൂമ്പാററയെൻ മെയ്ത്തീയിൽ വേകുന്നി-
ലെത്രകൈടക്കാട്ട ഞാനേകുന്നീല !
ആനന്ദമെന്തുനീ കണ്ടു"? തൻ കാതിൽകൈ-
യാനതവക്ത്രയായ് വയ്പൂ സാധ്വി.

*　　　*　　　*

വൈദ്യനോടോതുന്നു പോരാളി : "ഞാനെത്ര
കീർത്തിമാൻ ! കൈനിലച്ചുണ്ടെലി നീ.
ഏതൊരു മെയ്യിലും പായുവോനെൻ ശസ്ത്ര,-
മാതുരൻതൻമെയ്യിൽ നിൻെറ ശസ്ത്രം.



Digitized By Kerala Sahitya Akademi

ഞാനല്ലീ നിൻ വൃത്തി പാലിപ്പോൻ?" പുഞ്ചിരി
താനറിഞ്ഞീടാതെ കൊൾവൂ വൈദ്യൻ.

* * *

യോഗിയോടോതുന്നു വിത്തേശൻ: "ഞാനത്രേ
യോഗവാൻ; നീയല്ലീ പിച്ചതെണ്ടി?
മേടയും മെത്തയും ധാന്യവും നാണ്യവും
പേടമാൻനേർമിഴിമാരുമെന്യേ
എന്തിന്നു ജീവിതം?" താപസൻ ലോകത്തി-
ന്നന്ധതയോർത്തുനിന്നമ്പരപ്പൂ.

* * *

ഭൗതികവിജ്ഞാനമധ്യാത്മജ്ഞാനത്തോ-
ടോതുന്നു: "സോദര! പോരും ധ്യാനം!
ലോകത്തിന്നൽഗതി ഞാനല്ലീ സാധിപ്പൂ?
ദേഹിക്ക ദൈവത്തിൻ മേന്മ ചേർപ്പൂ?
പാഴ്ക്കിനാവെന്തുണ്ടു നേടുവാൻ?" ആ വാക്കു
കേൾക്കുന്നീലധ്യാത്മജ്ഞാനമേതും.

---

# ആ കണ്ണുനീർ

## I

ആക്കണ്ണീർ— ഭാരതേ! പണ്ടു നാരദമഹർഷിതൻ
വാഗ്ഗംഗയ്ക്കകം മുങ്ങിശ്ശുദ്ധമാം മനസ്സോടും
കോൾമയിർക്കൊള്ളുന്നതാം മെയ്യോടും തപോനിധേ!
വാല്മീകേ! ഭവാനാററിൽ മദ്ധ്യാഹ്നസ്നാനത്തിനായ്
പോകവേ; നീഡദ്രുമപ്പൂന്തേനാൽ യഥാകാല-
മാശന്നു മന്ദാനിലന്നാതിഥ്യമാമ്മട്ടേകി
വാണിടും യുവക്രൌഞ്ചയുഗ്മത്തിൽ ഗൃഹേശനെ-
ബ്ബാണമെയ്തന്യായമായ് ലുബ്ധകൻ വധിക്കവേ;
വൈധവ്യശോകാഗ്നിയാൽ തപ്തയാം തൽപത്നിതൻ
രോദനം ഭൂദേവിതൻ കണ്ണുകൾ ഭേദിക്കവേ;
കണ്ടുപോലങ്ങക്കാഴ്ച—യല്ലല്ലുൾക്കമ്പോടൻ
കൊണ്ടുപോൽ, കടന്നങ്ങേക്കണ്ണിലും കാരുണ്യാബ്ധേ!
തീക്കനൽദ്രവം കണക്കപ്പൊഴങ്ങുതിർന്നതാ-
മാക്കണ്ണീർക്കണം രത്നമാക്കിത്താൻ മറക്കാവൂ! 14



Digitized By Kerala Sahitya Akademi

II

മൈഥിലിയിൽക്കിരീടമായ് മഞ്ഞിൻകന്നിനെച്ചൂടി,
മാറിങ്കൽപ്പൂണാരമായ് വാനാരാററിനെച്ചാർത്തി,
വാണിടും പുണ്യക്ഷോണി കൃതിയും സന്താപത്തിൻ
ഹാനിക്കക്കണ്ണീർക്കണം കാത്തിരിക്കതാൻ ചെയ്തു;
ശ്രുതപ,സ്സാമസപാദ്ധ്യായ, മാതൃജ്ഞ,യാവിജ്ഞാന,-
മാട്ടി,ക്കാപ്പുഴക്കരപ്പൂങ്കാ, വാനെട്ടച്ചയും
മന്നവും വാഴ്യോരങ്ങ മൂല്യമായെന്നേകിയ-
ക്കണ്ണുനീർമു,ത്തന്ന താൻ കാവ്യകൃൽപദം നേടി.
ശ്ലാഘ്യനാം വീണാവാദപ്പാത്രനാകിലും ദേവ-
ന്നാക്കണ്ണീർക്കണ്ണാടി താൻ കാണിച്ചു രാമായണം.
അക്കൻതൻ കരത്തിനാൽത്തങ്കമിട്ടോരാ വൈര-
ക്കൽക്കമ്മൽ കാതിൽച്ചാർത്തിക്കാരുണ്യസ്മിത തൂകി,
ത്തോവിൻ ശ്രുതികത്തിയാൽ കല്പിച്ച ജിഹ്വാഗ്രം വി-
ട്ടെത്തിനാറ് ഹ്വത്താവഷ്ടാൻ വാഗ്ദേവിയങ്ങേ നാവിൽ. 22

III

അക്കണ്ണീർ നടയ്ക്കൽനിന്നർത്ഥിക്കൊരാഢ്യൻവിഷ്ണും
ഒക്കൈക്കുമ്പിളംത്തണ്ണീർ ഒട്ടിൻ ശൈവല്ലികേയകം-
അല്ല,

Digitized By Kerala Sahitya Akademi

അങ്ങും പണ്ടാദ്യവേടന്റെ വൃത്തിതാൻ കൈക്കൊണ്ടു—
[പോ-
ഴക്കൈയമ്പും ഖഗപ്രാണങ്ങൾ ഭക്ഷിച്ചപോൽ.
നൂനമങ്ങതിത്താരക്കണ്ണുനീ,രതിന്മൂലം
സ്വാനുഭൂതിയാൽ ശുദ്ധം— സ്വാന്തതാപത്താൽ ശുഭം.
പാർത്തിടാമങ്ങേസ്സൂക്തിയൊരോന്നുമദ്ഭുതാശ്രു-
തീർത്ഥത്തിൽ മജ്ജിക്കയാൽ സ്നിഗ്ദ്ധമായ്, പ്രസന്നമായ്.
ശംസിച്ചു ചെങ്കോലേന്തി ലോകത്തെദ്ധർമ്മം; പിന്നെ-
ബ്ഭാഷിച്ചു സൌഹാർദ്ദത്തിൽ തന്മാർഗ്ഗം ചരിക്ക-
[വാൻ;
അന്തരം ഫലിച്ചീല; വേണമായതിന്നോമൽ-
കാന്തതൻ പൂപ്പുഞ്ചിരിക്കൊഞ്ചലും കൺകോണേറും.
അത്തരം കാവ്യാങ്ഗനാരത്നത്തെജ്ജനിപ്പിപ്പാൻ
ജനകനായ്ത്തീർന്നു വേദനക്കണ്ണീരതിക്കവേ. 42

# IV

ആക്കണ്ണീർ പതിക്കയാലാർദ്രമാം ഭൂഭാഗം തന്നേ
നാകംപൂണ്ടഹിംസയാമൌഷധിക്കാരാമമായ്.
അപ്പക്ഷിക്കന്നാളിലങ്ങത്തരന്നിവാപാംബു
തർപ്പിക്കെജ്ജപിച്ചതാം 'മാനിഷാദാ'ദ്യം മന്ത്രം—

Digitized By Kerala Sahitya Akademi

ആദ്യത്തെച്ചതുഷ്പാത്താം ഗായത്രി—ധരിത്രിത-
ന്നാർത്തിയെശ്ശമിപ്പിക്കും കാമധേനുവുമായി.
“ചേണിലിബ്ബ്രഹ്മാണ്ഡത്തെയേകനീഡമായേവൻ
കാണുവോനനന്യൻതാൻ ക്രാന്തദർശനൻ കവി.”
ഇത്തത്ത്വം പഠിപ്പിപ്പൂ ലോകത്തിന്ന് ഭവാന്റെയാ-
ത്തല്പമാം ബാഷ്പാംബുവിൻ സമ്പാതം പുരാതനം.
ആ നവ്യന്തണ്ണീരുറ്റിൽ നിന്നു താൻ പാഞ്ഞീടുന്ന
ന്നൂനമിപ്പൊഴും സാക്ഷാൽ സാഹിതീസരസ്വതി.
ആനൃശംസ്യധർമ്മോപജ്ഞാതാവേ ! നമസ്കാര-
മാനന്ദഘണ്ടാമാർഗ്ഗധാതാവേ ! നമസ്കാരം !

Digitized By Kerala Sahitya Akademi

# ഭാവി

ഭാവിയെപ്പരീക്ഷിപ്പാൻ ദീപത്തിൻ പുരോഭുവിൽ
ദൈവജ്ഞൻ പരൽവാരി വച്ചെന്തോ ഗണിക്കുന്നു.
ആ വിളക്കടുത്തുള്ള ക്രൂരിരുട്ടവങ്കലോ
മേവിടുന്നതെന്നോർത്തു നോക്കുന്നു കൺ ചിമ്മാതെ.
അങ്ങെഴും പരൽക്കൂട്ടം: "ഞങ്ങളോ നക്ഷത്രങ്ങ-
ളങ്ങേക്കൈക്കൊതുങ്ങുവാൻ?" എന്നോർത്തു ചിരിക്കുന്നു.
ക്രുവന്നു തൽസംഘർഷം: "ആമെങ്കിലെണ്ണൂ ചെന്നു
താരകപ്പരൽ വാനാം നീലക്കല്പലകയിൽ!"
ഗൗളിതൻ വാക്കും കേൾപ്പൂ: "ഏന്തിങ്കൽത്തീവച്ചൂതി
നാളത്തെപ്പഴത്തെ നാമിപ്പോഴേ പുകയ്ക്കുണ്ടു.
ജാതകം കുറിച്ചിട്ടുണ്ടീശനൊന്നെല്ലാർക്കുമേകം—
'ജാതന്നു തിട്ടം മൃത്യു;' വേണ്ടതെന്തതിന്മീതേ ?
നന്മയ്ക്കിക്ഷണംതന്നെ മർത്ത്യന്നു ലഗ്നം ; വേള
തിന്മയ്ക്കില്ലെന്നാളുമീയസ്ഥിരസ്വല്പായുസ്സിൽ."



Digitized By Kerala Sahitya Akademi

# കാലം

കാലമാം ചതുഷ്പാത്തിൻ പിന്നിൽ നിന്നോതീടുന്നു:
"കാലമൊക്കെയും ചെയ്യും; ചെയ്യുന്നു"ണ്ടെന്നായ്
[ച്ചിലർ
ആ വാക്യം കാലംകേട്ടു പിന്തിരിഞ്ഞുരയ്ക്കുന്നു;
"ദൈവാധിഷ്ഠം താനെനിക്കെൻ ധർമ്മം—പുരോഗതി.
പക്ഷേ ഞാൻ ഗരുത്മാനല്ലല്പാല്പം മുന്നോട്ടു കാൽ
വച്ചുവച്ചിഴഞ്ഞിഴഞ്ഞെൻലക്ഷ്യംനോക്കിപ്പോകും.
എത്രമേൽ ഭാരം മർത്ത്യരെൻ ചുമൽപ്പാട്ടിൽക്കേററു-
മത്രമേൽപ്പതുക്കെയാമെൻയാനം തദുന്മുഖം.
എൻപേരിൽ നിങ്ങൾക്കില്ല വിശ്വാസം; ഉണ്ടെന്നാകി-
ലെൻഭാരം കുറേപ്പോറാൻ നിങ്ങൾക്കും ശിരസ്സില്ലേ?
എന്നെവിട്ടൊഴിഞ്ഞാലും പോരമിപ്പിട്ടോതാതെ
പിന്നിൽനിന്നെൻ കാൽ കെട്ടും സൂത്രക്കാർ ഭവാദൃശർ.
'കാലമൊക്കെയും ചെയ്യും ! ചെയ്യില്ലേ? നിങ്ങൾക്കെന്തു
വേലയിമ്മന്നിൽപ്പിന്നെ? തീററിയും തിമിർപ്പുമോ?"



Digitized By Kerala Sahitya Akademi

# സ്വർഗ്ഗവും നരകവും

—o—

നാകമാം വെൺമാടവും നാരകച്ചൂളിക്കണ്ടും
ലോകനായകൻ തീർത്തു മർത്ത്യരോടരുൾ ചെയ്തു;
"എങ്ങോട്ടു പോകും നിങ്ങൾ?" ഏവരുമൊന്നാ-
(രൊപ്പം.
"ഞങ്ങൾ പോം വെൺമാടത്തിൽ; കണ്ടിൽച്ചെന്നെവൻ
വീഴും?"
"ഒന്നു നില്ലുവിൻ വത്സർ" എന്നോതി ക്ഷണം
(തീർത്താൻ
പൊന്നിനാൽക്കണ്ടിൻ പാത, വർഷിച്ചാൻ രത്നങ്ങളെ;
കണ്ണഞ്ചുന്നതല്ലാൽ വിശദം കാൽക്കീഴിലാക്കും വേശ്യ-
പ്പെൺമണിക്കൂട്ടത്തെയും നിർത്തിനാനെങ്ങും നീളെ.
കണ്ടകം വാരിത്തൂകി വാളിൻ വായ്ത്തലയൊപ്പം
വിണ്ടലപ്പാതയ്ക്കുള്ള വിസ്താരം ചുരുക്കിനാൻ:—
ത്യാഗിതന്നദ്ധ്വാവെന്നു കൈകാട്ടിത്തൂൺനാട്ടിനാൻ
ഭീകരം, മരുപ്രായമമ്മാർഗ്ഗം സ്വർഗ്ഗമം.
"പോരുവിൻ വേണ്ടും വഴി"ക്കെന്നജൻ ചൊല്ലും
(മുന്നേ
നാരകം നരാകീർണ്ണം! നിർമ്മർത്ത്യഗന്ധം നാകം!!

—:0:—



Digitized By Kerala Sahitya Akademi

# താരകോപദേശം

---

"താഴത്തു നില്ക്കുന്നോരെയാട്ടൊല്ലേ; പെററമ്മയാ-
മൂഴിയെക്കണ്ണീരാററിൽ മുക്കൊല്ലേ; മനുഷ്യരേ!"
വ്യോമത്തിൽ സന്ധ്യയ്ക്കൊന്നു നോക്കിയാൽക്കാണും (നമ്മ-
ളീമട്ടിൽക്കൺകൊണ്ടോരോന്നോതിടും താരങ്ങളെ—
എത്രയോ ലക്ഷം ഭൂവാം സോദരി തന്നാർത്തിക
ണ്ടത്രമേൽ മാഴ്കും ദ്യോവിൻ ബാഷ്പാംബുബിന്ദുക്കളെ
ഓതുന്നു മാലാൽ നാകം പൊങ്ങാത്തോരവർ: "ഞങ്ങൾ
പാദത്താൽ മർദ്ദിപ്പീല നിങ്ങളെയധഃസ്ഥരെ,
നിങ്ങളെക്കനിഞ്ഞെന്നും നോക്കുന്നുണ്ടസ്മദ്ദൃഷ്ടി;
നിങ്ങൾതൻ പുരസ്കൃതിക്കായുന്നുണ്ടസ്മൽകരം.
കൺതെളിച്ചവും നിങ്ങൾക്കാംകുളിർച്ചയും നൽകും
ബന്ധുക്കളുച്ചസ്ഥരാം ഞങ്ങളെല്ലായിരവിലും.
നിങ്ങൾക്കും ഞങ്ങൾക്കുമായ് വാച്ചിടും ദൂരം തമ്മിൽ
നിങ്ങൾക്കില്ലല്ലോ! പിന്നെയെന്തിനിപ്പൃഥഗ്-
(ഭേദം?"

—:0:—



Digitized By Kerala Sahitya Akademi

# മഹാകവി ഉള്ളൂരിൻെറ

# ചില ഇതര കൃതികൾ

| | Rs. | nP. |
|---|---|---|
| ഉമാകേരളം | 3 | 00 |
| സ്മരണമാധുരി | 1 | 25 |
| തരംഗിണി | 1 | 25 |
| താരഹാരം | 1 | 50 |
| കിരണാവലി | 1 | 25 |
| രത്നമാല | 1 | 50 |
| അമൃതധാര | 1 | 50 |
| ഹൃദയകൗമുദി | 1 | 50 |
| കല്പശാഖി | 1 | 50 |
| തപ്തഹൃദയം | 1 | 00 |
| ചൈത്രപ്രഭാവം | 0 | 31 |
| ശരണോപഹാരം | 0 | 37 |
| ചിത്രോദയം | 0 | 47 |
| മംഗളമഞ്ജരി | 0 | 50 |
| ചിത്രശാല | 1 | 00 |
| അരുണോദയം | 0 | 75 |
| വിജ്ഞാനദീപിക (രണ്ടാംഭാഗം) | 5 | 00 |
| ഭാഷാചമ്പുക്കൾ | 3 | 00 |
| അംബ (ഗദ്യനാടകം) | 3 | 00 |
| കർണ്ണഭൂഷണം | 1 | 25 |
| ഭക്തിദീപിക | 1 | 00 |
| ദീപാവലി | 0 | 75 |
| ബാലദീപിക | 0 | 25 |
| മാതൃകാ ജീവിതങ്ങൾ | 0 | 25 |
| സദാചാരദീപിക | 0 | 37 |
| പിംഗള | 1 | 25 |

അപേക്ഷിക്കേണ്ടും മേൽവിലാസം

## ഉള്ളൂർ പബ്ലിഷേഴ്സ്

ജഗതി, തിരുവനന്തപുരം.


Digitized By Kerala Sahitya Akademi